കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തെക്കുംകര ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail:dotsr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-ടി. എസ്. ആർ(പി5) 1732/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

ഇ-മെയിൽ-dotsr.ksad@kerala.gov.in.

ഫോൺ- 0487 2331249

തിയ്യതി 24-10-16

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

തെക്കുംകര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെക്കുംകര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-11ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി. എസ്. ആർ(പി5) 1732/16

# തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-4-15 മുതൽ 9-8-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും

അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.9.2016മുതൽ 28.9.2016 വരെ | |
| | ലത.എം.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ് ഓഫീസർ |
| | കുമാരി.ഷാജിത.കെ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.രാജിഷ.ആർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സുനിൽ ജേക്കബ് | 1.4.2015മുതൽ 31.10.15വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.15മുതൽ 18.11.15വരെ |
| | ശ്രീജ.എം.കെ | 19.11.15മുതൽ 31.3.16 വരെ |
| സെക്രട്ടറി | ഷൈബ ഗോപാൽ | 1.4.15മുതൽ 31.3.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ദൃശ്യ .ടി. മനോഹർ | 1.4.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച് .സി.) | ഡോ.സുനിൽകുമാർ.കെ.ആർ | 1.4.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. സ്മൃതി.പി.എസ് | 1.4.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ ആയർവേദം | ഡോ.ഫ്രാങ്കോ ജെയിംസ് | 1.4.15മുതൽ 31.3.16വരെ |
| വെറ്ററിനറി സർജൻ | ഡോ.സാജിത.കെ.പി | 1.4.15മുതൽ 31.3.16വരെ |
| പ്രധാനാദ്ധ്യപിക ജി.ടി.എൽ.പി.എസ്. കാക്കിനിക്കാട് | എം. എൻ. ബിന്ദു. | 1.4.15മുതൽ 31.3.16വരെ |
| വി.ഇ.ഒ തെക്കുംകര സർക്കിൾ | ഷീജ.എം.എസ് | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ, കല്ലംപാറ സർക്കിൾ | ഷീജ.എം.എസ് | 1.4.2015മുതൽ 22.7.15 വരെ |
| | ഷൈൻ.എം.പി | 23.7.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ മച്ചാട് സർക്കിൾ | ബിന്ദു.കെ.കെ | 01.4.15 മുതൽ 22.9.15 വരെ |
| | ഷീജ.എം.എസ് | 23.9.15 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | സൗമ്യ പോൾ | 1.4.15 മുതൽ |

| | | |
|---|---|---|
| | | 8.6.15 FNവരെ |
| | ശ്രീലേഖ ബി. ആർ. | 8.6.15 ANമുതൽ 21.8.15വരെ |
| | ശ്രീരേഖ. എൽ. | 22.8 .15 മുതൽ 16.12.15 വരെ |
| | അശ്വനി.എ | 17.12.15 മുതൽ 21.12.15വരെ |
| | ശ്രീരേഖ. എൽ | 22.12.15 മുതൽ 27.12.15വരെ |
| | രേഷ്മ രാമകൃഷ്ണൻ | 28.12.15 മുതൽ 31.3.16 വരെ |
| അസി.സെക്രട്ടറി | രാജേഷ്. ജി | 1.4.15 മുതൽ 31.3.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഗിരിജ. ആർ | 1.4.15 മുതൽ 27.6.15 വരെ |
| | ഒഴിവ് | 28.6.15 മുതൽ 8.10.15 വരെ |
| | മഹേഷ്.വി.സി | 9.10.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലാലി.വി.ടി | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | | നമ്പർ | നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 | |
| 4 | സാമ്പത്തികവിശകലനം | 1-4 | |
| 5 | ഫണ്ടുവിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വസ്തു നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങൾ-നിബന്ധന പാലിച്ചിട്ടില്ല | 2-1 | |
| 13 | വിമുക്ത ഭടൻമാരുടെ വസ്തുനികുതി-അനർഹമായി ഇളവനുദിച്ചു | 2-2 | |
| 14 | മൊബൈൽ ടവർ-സർക്കാർ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല | 2-3 | |
| 15 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് പെർമിറ്റ് ഫീ ഈടാക്കി | 2-4 | |
| 16 | തൊഴിൽ നികുതി അപാകതകൾ | 2-5 | |
| 17 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-6 | |
| 18 | ഡി.ആന്റ്.ഒ ലൈസൻസ് കുറവായി ഈടാക്കി | 2-7 | |
| 19 | ലൈവ്സ്റ്റോക്ക് ഫാം-ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ് | 2-8 | |
| | ഭാഗം 3 | | |
| 20 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതിച്ചാർജ് അടച്ചത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 3-1 | |
| 21 | വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടച്ചത് | 3-2 | |

| | | | |
|---|---|---|---|
| 22 | ചെള്ളി കുടിവെള്ളപദ്ധതി | 3-3 | |
| 23 | മുഴുവൻ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-4 | |
| 24 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ -2927 രൂപ തടസ്സപ്പെടുത്തുന്നു. | 3-5 | |
| 25 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയുടെ ഹോംകെയർ നടത്തിപ്പിനായി ഓടിയ ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർക്ക് സ്വകാര്യവാഹനത്തിന്റെ നിരക്ക് നല്കിയിരിക്കുന്നു | 3-6 | |
| 26 | പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസഹായം -രേഖകളുടെ അഭാവത്തിൽ ധനസഹായം അനുവദിച്ചു | 3-7 | |
| 27 | എസ്.എസ്.എ. - പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-8 | |
| 28 | സ്പോർട്ട്സ് കിറ്റ് രജിസ്ട്രേഷനില്ലാത്ത ക്ലബ്ബുകൾക്ക് അനുവദിച്ചു | 3-9 | |
| 29 | അക്ഷരരത - ലാപ് ടോപ്പ് വിതരണം-ഫലപ്രാപ്തിയില്ല | 3-10 | |
| 30 | തെരുവു വിളക്ക്- പൊതുപരാമർശങ്ങൾ | 3-11 | |
| 31 | ഒരേ പോസ്റ്റ് നമ്പറിൽ വ്യത്യസ്ത ഇനം തെരുവു വിളക്കുകൾ റിപ്പയർ ചെയ്തു | 3-12 | |
| 32 | തെരുവു വിളക്ക് സ്ഥാപിക്കാത്ത പോസ്റ്റുകളിൽ തെരുവു വിളക്ക് റിപ്പയറിങ്ങ് നടത്തിയതിന് തുക അനുവദിച്ചു | 3-13 | |
| 33 | ആദായ നികുതി ഈടാക്കിയിട്ടില്ല | 3-14 | |
| 34 | ഭവനപുനരുദ്ധാരണം- അനർഹമായി ധനസഹായം അനുവദിച്ചു | 3-15 | |
| 35 | സബ്സിഡി മാനദണ്ഡങ്ങൾ മുഴുവൻ പാലിക്കുന്നവർക്ക് | 3-16 | |

| | | | |
|---|---|---|---|
| | മാത്രമായി ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്. | | |
| 36 | വിവിധ സ്ഥാപനങ്ങളിലേക്ക് തുക നൽകിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-17 | |
| 37 | ഭവന പുനരുദ്ധാരണം- അനർഹർക്ക് അനുവദിച്ച ധനസഹായം-ചെലവു തുക നിരാകരിക്കുന്നു | 3-18 | |
| 38 | വട്ടായി ക്വാറി കിണർ- പത്താഴക്കുണ്ട് കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങിയത്. | 3-19 | |
| 39 | ലോഗ്ബുക്ക് അപാകതകൾ | 3-20 | |
| 40 | കുടുംബശ്രീ സി.ഡി.എസിനു കൈമാറിയ തുക യഥാസമയം വിനിയോഗിക്കുന്നില്ല | 3-21 | |
| 41 | കുടിവെള്ള പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല | 3-22 | |
| 42 | ഇ-ടെണ്ടർ -ടെണ്ടർ ഫോറം വില പഞ്ചായത്തിനു ലഭിച്ചിട്ടില്ല | 3-23 | |
| 43 | ക്ഷേമപെൻഷൻ | 3-24 | |
| | ഭാഗം 4 | | |
| 45 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 46 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 | |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 48 | വായ്പ /വായ്പാ തിരിച്ചടവ് | 4-4 | |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 50 | ഓഡിറ്റ് റിക്കവറി | 4-6 | |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-7 | |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 | |
| 53 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 4.3.15 തിയ്യതിയിലെ 1ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 137217203 രൂപയും ചെലവ് 126168215 രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥ വരവു ചെലവും തമ്മിൽ വളരെയേറെ അന്തരമുണ്ട്. വസ്തുനിഷ്ഠമായി ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.2016- | - | - |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. നാളിതു വരെയുള്ള ആസ്തിബാധ്യതാ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.
2.ഇൻകം ആന്റ് എക്സ് പെൻഡിച്ചർ സ്റ്റേറ്റുമെന്റിലെ വർഷാവസാന മിച്ചം ബാലൻസ്ഷീറ്റ് ബി1 ഷെഡ്യൂളിലേക്ക് ക്യാരി ഓവർ ചെയ്ത തുക പൊരുത്തപ്പെടുന്നില്ല.

3.ബാലൻസ് ഷീറ്റ് B-7ഷെഡ്യൂളിൽ Other deposit Revenue 250512/-(code-340200199) രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകളും രജിസ്റ്ററുകളും തയ്യാറാക്കിയിട്ടില്ല

4.ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ Advance collection Revenue, property tax in Residential Building 196005/-(code-350410101) രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകളും രജിസ്റ്ററുകളും തയ്യാറാക്കിയിട്ടില്ല

5.2014-15 സാമ്പത്തികവർഷത്തെ സാക്ഷ്യപത്രത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റുമെന്റ് , ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട് .

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29552080.45 |
| വരവ് | 45056519 |
| ആകെ | 74608599 |
| ചെലവ് | 62666298.6 |
| നീക്കിയിരിപ്പ് | 11942300.4 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4551757 | 9737913 * | 14289670 | 14289670 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 3676532 | 4236579 | 7913111 | 7913111 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 33425 | 0 | 33425 | 33425 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2311835 | 11758803 | 14070638 | 14070638 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 411704 | 1743718 | 2155422 | 2155422 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2924510 | 7523356 | 10447866 | 10447866 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3579017 | 876500 | 4455517 | 4455517 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്. | 2626 | 24003450 | 24006076 | 24005614 | 462 | 99.15 |
| ബി ഫണ്ട് | 0 | 36988920 | 36988920 | 36988920 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7447437 | 8895133 | 16342570 | 9830176 | 6512394 | 60 |

താഴെ പറയുന്ന പബ്ലിക് അക്കൗണ്ടുകളിൽ നന്നും ടി. സി, ചെയ്ത ഉക വികസന ഫണ്ട്, ജനറലിലെ വരവ് സി. എഫ്. സി. 4710691+ വേൾഡ് ബാങ്ക് – 3579017+എസ്. സി. പി- 1368780+ ടി. എസ്. പി. 33425 + മറ്റു വരവുകൾ 46000 9737913

കൺസോളിഡേറ്റഡ് ഫണ്ട്

| ഇനം | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| പ്ലാൻ ഫണ്ട്<br>ജനറൽ | 12737549 | - | 12737549 |
| സി. എഫ്. സി | 7485447 | 5081081 | 2404366 |
| ലോകബാങ്ക് വിഹിതം | 3579017 | 876500 | 2702517 |
| എസ്. സി. പി. | 6746780 | 4236579 | 2510201 |
| ടി. എസ്. പി. | 140425 | - | 140425 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 12750000 | 11758803 | |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 3477000 | 1743718 | 1733282 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 222 | 73517585 | 167 | 49939619 | 33 | 22 | 63.53 |

നടപ്പാക്കാത്തവ

| ക്രമനമ്പർ | പദ്ധതി നമ്പർ | പദ്ധതി |
|---|---|---|
| 1 | 27 | ട്രാക്ടർ റാമ്പ് നിർമ്മാണം-കരുമത്ര |
| 2 | 17 | ട്രാക്ടർ റാമ്പ് നിർമ്മാണം-പഴയന്നൂർപ്പാടം |
| 3 | 19 | ട്രാക്ടർ റാമ്പ് നിർമ്മാണം-കല്ലംപാറ |
| 4 | 67 | വീട് വൈദ്യുതീകരണം-എസ്.ടി |
| 5 | 7 | കേരളോത്സവം2015 |
| 6 | 71 | കായികദീപം -തുടർ കായികപരിശീലനം |
| 7 | 72 | തുടർസാക്ഷരത തുല്യത പഠനം |
| 8 | 83 | ബാലസഭ |
| 9 | 92 | അറവുശാലയ്ക്ക് സ്ഥലം വാങ്ങൽ |
| 10 | 105 | ഹരിതഗൃഹം-പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും പച്ചക്കറികൃഷിക്ക് ഗ്രോബാഗ് വിത്തുകൾ തൈകൾ മണ്ണിര കമ്പോസ്റ്റ് വിതരണം |

| | | |
|---|---|---|
| 11 | 107 | ഹരിതഗൃഹം-പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും വാഴതൈകൾ വിതരണം |
| 12 | 114 | പാട്ടകൃഷി എസ്.സി -പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി |
| 13 | 132 | കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പ്പണികൾ |
| 14 | 143 | തെങ്ങിൻ തൈകൾ വിതരണം |
| 15 | 182 | വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം |
| 16 | 217 | മലാക്ക ശിശുമന്ദിരത്തിനു കുടിവെള്ള സൗകര്യം ഒരുക്കൽ |
| 17 | 228 | അറവുശാല നിർമ്മാണം |
| 18 | 233 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ |
| 19 | 235 | കുടുംബശ്രീ പ്രസ്സിൽ പ്രിന്റർ ഫോട്ടോസ്റ്റാറ്റ് വാങ്ങിക്കൽ |
| 20 | 74 | 10ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| 21 | 96 | ഭവന പുനരുദ്ധാരണം (ജനറൽ) |
| 22 | 126 | ശുചിത്വ കക്കൂസ് നിർമ്മാണം (ജനറൽ) |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2946939 | 1783777 | -1163162 | -39.47 |
| നികുതിയേതര വരവുകൾ | 52100 | 643846 | 591746 | 1135.78 |
| മറ്റു വരവുകൾ | 548723 | 134805 | -413918 | -75.43 |
| ആകെ | 3547762 | 2562428 | -985334 | -27.77 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 404280 | 536 |
| കർഷകതൊഴിലാളി പെൻഷൻ | 7470330 | 9344 |
| വിധവാപെൻഷൻ | 12398480 | 11849 |
| വാർദ്ധക്യകാലപെൻഷൻ | 10018560 | 11479 |
| വികലാംഗപെൻഷൻ | 3215630 | 3275 |
| വിവാഹധനസഹായം | 120000 | 4 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1861320 | 1769 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.9.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10799രൂപ ക്യാഷ് ബാലൻസ്, ഡേ ബുക്ക് , ക്യാഷ് ബുക്ക് എന്നിവയുമായി പൊരുത്തപ്പെട്ടിരുന്നു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തെക്കുംക്കര ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുകയും രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആസ്തി രജിസ്റ്ററുകൾ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016 സെപ്റ്റംബർ 19, 20 | 2016 ജൂലൈ, ഓഗസ്റ്റ് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.9.2011മുതൽ 15.9.2011വരെ | 2008-09മുതൽ 2010-11വരെ | 8.3.12 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങൾ-നിബന്ധന പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 27.4.15ലെ ജി.ഒ.(എം.എസ്) 144/15ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 660 സ്ക്വയർ ഫീറ്റ് (62 m2)വരെ തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ജി.ഒ.(എം.എസ്)358/15 ത.സ്വ.ഭ.വ.തിയ്യതി.16.12.15 പ്രകാരം സ്വന്തം താമസാവശ്യത്തിനുള്ള ഒരു കെട്ടിടത്തെ മാത്രമാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.ആയതിനു വിരുദ്ധമായി ഒരു കെട്ടിട ഉടമയുടെ രണ്ടു കെട്ടിടങ്ങളെ വീതം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | കെട്ടിട ഉടമ | കെട്ടിട നം | ഒഴിവാക്കിയതിനുള്ള കാരണം |
|---|---|---|---|
| 1 | മേരി, പാമ്പുങ്ങൽ | 5/82,5/83 | 30m2 താഴെയുള്ള വാസഗൃഹം |
| 2 | മീനാക്ഷി, നൊട്ടത്ത് | 5/95,5/96 | 30m2 താഴെയുള്ള വാസഗൃഹം |

| | | | |
|---|---|---|---|
| 3 | വേലു,കളരിക്കൽ | 5/241,5/242 | 30m2 താഴെയുള്ള വാസഗൃഹം |
| 4 | മീനാക്ഷി, തട്ടാൻ വീട് | 6/131,6/132 | 30m2 താഴെയുള്ള വാസഗൃഹം |
| 5 | വീരായ മുതൽ പേർ,മൂലയിൽ | 7/60,7/61 | 30m2 താഴെയുള്ള വാസഗൃഹം |
| 6 | തങ്കമണി, തൊഴത്തിങ്കപ്പറമ്പ് | 7/66,7/67 | 30m2 താഴെയുള്ള വാസഗൃഹം |
| 7 | അപ്പുണ്ണി & ഭാര്യ നാരായണി | 8/91 | 30m2 താഴെയുള്ള വാസഗൃഹം |
| 8 | അപ്പുണ്ണി | 8/92 | 30m2 താഴെയുള്ള വാസഗൃഹം |
| 9 | നാരായണി | 8/92B | 30m2 താഴെയുള്ള വാസഗൃഹം |
| 10 | ബാലൻ, കൊളങ്ങരവളപ്പിൽ | 10/111, 10/112 | 30m2 താഴെയുള്ള വാസഗൃഹം |
| 11 | വേലായുധൻ, കോലോത്ത് പറമ്പിൽ | 10/336, 10/337 | 30m2 താഴെയുള്ള വാസഗൃഹം |
| 12 | ദേവസി പുത്തിരി വീട് | 12/18,(51.45M2), 12/20(51.45M2) | കേ.പ.ര. സെക്ഷൻ 207(I) |
| 13 | പാർട്ടി ഓഫീസ്, തെക്കുംകര | | 30M2ന താഴെയുള്ള വാസഗൃഹം |
| 14 | എക്സി.എഞ്ചിനീയർ. പുന്നംപറമ്പ് ഹൗസ് | ----- | ---- |
| 15 | കല്യാണിക്കുട്ടിയമ്മ, കല്ലിപ്പറമ്പിൽ | 17/328 (വാണിജ്യകെട്ടിടം- | കേ.പ.ര. സെക്ഷൻ 207(D) |

| | | | |
|---|---|---|---|
| | | 17.85M2) | |
| 16 | കല്യാണിക്കുട്ടിയമ്മ, കല്ലിപ്പറമ്പിൽ | 17/330 | കേ.പ.ര.സെക്ഷൻ 207(D) |
| 17 | കല്യാണിക്കുട്ടിയമ്മ, കല്ലിപ്പറമ്പിൽ | 17/331 | കേ.പ.ര. സെക്ഷൻ 207(D) |
| 18 | കല്യാണിക്കുട്ടിയമ്മ, കല്ലിപ്പറമ്പിൽ | 17/332 | കേ.പ.ര.സെക്ഷൻ 207(D) |

ഒരു വാസഗൃഹ കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുന്നതിനു പകരം രണ്ടോ അതിലധികമോ കെട്ടിടങ്ങളെ ഒഴിവാക്കി നൽകിയത് പുന:പരിശോധിക്കേണ്ടതും വസ്തു നികുതി പുനർനിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 2-2 വിമുക്തഭടൻമാരുടെ വസ്തുനികുതി-അനർഹമായി ഇളവനുദിച്ചു

ജി.ഒ.(എം.എസ്) 242/2013 ത.സ്വ.ഭ.വ തി.2.7.13 പ്രകാരം വിമുക്തഭടൻമാരുടെ തറവിസ്തീർണ്ണം 2000 ചതുരശ്ര അടി താഴെയുള്ള കെട്ടിടങ്ങൾക്കു മാത്രമെ ഇളവിന് അർഹതയുള്ളൂ. ആയത് പരിശോധനയ്ക്ക് വിധേയമാക്കാതെ വേണുഗോപാലൻ, ആളൂപറമ്പിൽ എന്നവരുടെ 2905ചതുരശ്ര അടി തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഇളവ് അനുവദിച്ചിട്ടുണ്ട്. (കെട്ടിടനം.XVIII/222). വസ്തുനികുതി ഇനത്തിൽ 1283/-രൂപയും, ലൈബ്രറി സെസ് ഇനത്തിലെ 65/-രൂപയും ഉൾപ്പെടെ അനർഹമായി അനുവദിച്ച ഇളവ് റദ്ദു ചെയ്ത് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവർ-സർക്കാർ നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ് / വസ്തു നികുതി കടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 2-4 ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് പെർമിറ്റ് ഫീ ഈടാക്കി

2015-16 സാമ്പത്തികവർഷം ബിനു ഹസ്സൻ, ആച്ചനാത്ത് ഹൗസ് (പെർമിറ്റ്നം. 54/15-16,12.8.15)എന്നവർക്ക് 152.40m2 തറവിസ്തീർണ്ണമുള്ള വാസഗൃഹകെട്ടിടത്തിന് കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റ് ഫീ ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കേണ്ട പെർമിറ്റ് ഫീ 457/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് രസീത് നമ്പർ 11602102263/27/9/16 പ്രകാരം അടവാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.4/24.9.16).

## 2-5 തൊഴിൽ നികുതി അപാകതകൾ

തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവ് സംബന്ധിച്ച പരിശോധനയിൽ താഴെ സൂചിപ്പിക്കുന്ന വിഷയങ്ങളിൽ അപാകതകൾ കാണുന്നു.

1) ഉത്സവബത്ത, ലീവ് സറണ്ടർ, അടിസ്ഥാന ശമ്പളം, ഡി.എ, മറ്റ് അലവൻസുകൾ എന്നിവ ഉൾപ്പെടുത്തി മൊത്തവരുമാനം രേഖപ്പെടുത്തിയ തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപ്രകാരമല്ലാതെ റിട്ടേണുകൾ സമർപ്പിച്ച സ്ഥാപനങ്ങൾക്ക് ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

എ.)സി.എച്ച്.സി,എരുമപ്പെട്ടി

ബി).റേഞ്ച് ഫോറസ്റ്റ് ഓഫീസ്, മച്ചാട്

2) പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കത്തക്കവിധത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. താഴെ സൂചിപ്പിക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | ലഭ്യമായ വിവരം |
|---|---|
| സ്പിന്നേജ്സ് എക്സ്ട്രഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി അടച്ചിട്ടില്ല. |
| ട്രിച്ചൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംങ്ങ് മിൽ | ഒന്നും രണ്ടും അർദ്ധവർഷം<br>തൊഴിൽ നികുതി അടച്ചിട്ടില്ല. |
| അൾട്ടിമേറ്റ് ഗ്രൂപ്പ് ഓഫ് ചിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് | “ “ |
| കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റൽ കുണ്ടുകാട് | “ “ |
| പോസ്റ്റ് ഓഫീസ് പനങ്ങാട്ടുകര | “ “ |
| ഗ്രാമപഞ്ചായത്ത് വാഹന ഡ്രൈവർ,<br>ക്രിമിറ്റോറിയം കെയർടേക്കർ,<br>കരാറുകാർ, ലൈസൻസ്ഡ് ബിൽഡിംങ്ങ് സൂപ്പർവൈസർമാർ | “ “ |

3) പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവർക്കും സ്ഥാപനങ്ങൾക്കും 1996ലെ കേരള പഞ്ചായത്തീരാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3 പ്രകാരം നിശ്ചയിക്കപ്പെട്ട അർദ്ധവാർഷിക നിരക്കിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടില്ല.

എ)വട്ടായി ക്ഷീരോത്പാദകസഹകരണ സംഘം

ബി)ബി.എസ്.എൻ.എൽ

സി)കല്ലംപാറ ക്ഷീരോത്പാദക സഹകരണ സംഘം

ഡി)ട്രിച്ചൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ

4) അധികം തൊഴിൽ നികുതി ഈടാക്കിയത്

| സ്ഥാപനം | പേര് | മൊത്തവരുമാനം | ഈടാക്കണ്ടേത് | ഈടാക്കിയത് | അധികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ടി. പൂന്നംപറമ്പ് | ശ്രീജിത്ത്,എസ്,swo | 122000 | 1000 | 1250 | 250 |
| | ജോജോ മാത്യൂ,swo | 124000 | 1000 | 1250 | 250 |
| KSEB | ജെഫിൻ ജോസ്,മസ്ദൂർ | 118152 | 1000 | 1250 | 250 |
| | കണ്ണൻ .സി.എസ് | 111666 | 1000 | 1250 | 250 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3) അനുസരിച്ച് ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടകബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്തവരുമാനത്തിന്റെ മേലേയാണ് നികുതി നിർണ്ണയം നടത്തേണ്ടത്.ഡിമാന്റ് നോട്ടീസിലെ നികുതിവിവര പട്ടികയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ റിട്ടേണുകൾ തയ്യാറാക്കേണ്ടതും ആയത് പരിശോധിച്ച് കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ അനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ഡി &ഒ ലൈസൻസ് അപാകതകൾ

2015-16 സാമ്പത്തിക വർഷം ഡി&ഒ ലൈസൻസ് നൽകിയതു പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1)ഡി & ഒ ലൈസൻസ് അപേക്ഷകളിൽ ദിവസേനയുള്ള വിറ്റുവരവ്, നടത്താനുദ്ദേശിക്കുന്ന സ്ഥാപനം തുടങ്ങി പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും, അതിൽ അപേക്ഷയെകുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്,സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് അനുവദിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741/09/09 നമ്പർ സർക്കുലർ പ്രകാരം ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്. എന്നാൽ തെക്കുംകര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന യൂണിറ്റുകൾ 2015-16 ലേക്ക് ലൈസൻസ് പുതുക്കുന്നതിനായി നൽകിയ അപേക്ഷയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ഇല്ല.

1)ഡിമാന്റ് രജിസ്റ്റർ നം-18,കെ.പി.മോസസ്സ്, മണലിത്തറ-ഇന്റർലോക്ക് ടൈൽ നിർമ്മാണം

2)ഡിമാന്റ് രജിസ്റ്റർ നം 21, ജയലക്ഷ്മി രാധാകൃഷ്ണൻ-ഹോളോബ്രിക്സ് നിർമ്മാണം

3)ഡിമാന്റ് രജിസ്റ്റർ നം 64 , വി.ജെ.സേവ്യർ, വേണാട്ടുശ്ശേരി-ഹോളോബ്രിക്സ് നിർമ്മാണം

4)ഡിമാന്റ് രജിസ്റ്റർ നം 78, പി.എ.ഷാനവാസ്, കരുമത്ര-ഹോളോബ്രിക്സ് നിർമ്മാണം

5)ഡിമാന്റ് രജിസ്റ്റർ നം147, കെ.ജയലക്ഷ്മി, പൂന്നംപറമ്പ്-ഹോളോബ്രിക്സ് നിർമ്മാണം

മേൽപറഞ്ഞവ കൂടാതെ താഴെ പറയുന്ന സ്ഥാപനങ്ങൾക്കും കേരള സംസ്ഥാന മലീനികരണ ബോർഡിന്റെ സാക്ഷ്യപത്രമില്ലാത്തതായി കാണുന്നു.

1)ഡിമാന്റ് രജിസ്റ്റർ നം11,ടി.കെ.രവീന്ദ്രൻ,കുണ്ടുകാട്, ടൈഡ് നിർമ്മാണം (95HP)

2)ഡിമാന്റ് രജിസ്റ്റർ നം19,എം,രാമദാസൻ, വാഴാനി-സ്പ്പിന്നിംങ്ങ് മിൽ

3)ഡിമാന്റ് രജിസ്റ്റർ നം 40, മോഹനൻ.കെ.കെ,പൂമല-ആണി നിർമ്മാണം

4)ഡിമാന്റ് രജിസ്റ്റർ നം 68, എം.സി.രാജേഷ്,ദാമോദർ ഫാംസ്-കോഴി, ആട് ഫാം (30.06.2015 ന ശേഷം പുതുക്കിയ വിവരം ലഭ്യമല്ല)

5)ഡിമാന്റ് രജിസ്റ്റർ നം89,അനിൽകുമാർ.ടി.വി,തെക്കുകര-സോഡാനിർമ്മാണം (30.06.2015 ന ശേഷം പുതുക്കിയ വിവരം ലഭ്യമല്ല)

6) ഡിമാന്റ് രജിസ്റ്റർ നം 76,ഫവാസ്.വി.പി.മംഗലം-ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, പെട്രോൾ പമ്പ്

ബി) ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണവും വ്യാപാരവും നടത്തുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സാനിറ്ററി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല

1) ഡിമാന്റ് രജിസ്റ്റർ നം 2,വി.സി,പൂമല-വട്ടയപ്പ നിർമ്മാണം

2) ഡിമാന്റ് രജിസ്റ്റർ നം 17,പി.എം.ഇബ്രാഹിം,കുണ്ടുകാട്-കൂൾഡ്രിങ്ക്സ്,ഐസ്ക്രീംസ്-ബേക്കറി

3) ഡിമാന്റ് രജിസ്റ്റർ നം 15,ടി.എ.ഫ്രാൻസിസ്-ഉണക്കമീൻ ,പലചരക്ക് വിൽപന

സി) ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് 15.03.2010 ലെ 78327/RC3/09/LSGD നമ്പർ സർക്കുലർ പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രം ലഭ്യമായതിനു ശേഷം മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ തെക്കുംകര ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ക്വാറിക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓരോ ഇനത്തിനും പ്രത്യേകമായി അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ സമർപ്പിച്ചിട്ടില്ല.

| പേരു വിവരം | ഹാജരാക്കാത്ത രേഖകൾ |
|---|---|
| കെ.ജി.ബൈജു,കീഴടത്ത് ഹൗസ്,അത്താണി,സർവേ നം 1538/14 | 1.ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിന്റെ അനുമതി<br><br>2.മൈനിംങ്ങ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി<br><br>3.കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം |
| കെ.ജി. ബൈജു, കീഴടത്ത് ഹൗസ്, അത്താണി,<br>സർവേ നം 1115/2 | 1.ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിന്റെ അനുമതി<br><br>2.പാറ പൊട്ടിക്കുന്ന ആളുടെ വൈദഗ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br><br>3.മറ്റു അനുബന്ധ രേഖകൾ |

ഡി) 1948 ലെ ഫാക്ടറീസ് ആക്ട്,1957 ലെ കേരള ഫാക്ടറീസ് റൂൾ അനുസരിച്ച് ഫാക്ടറീസ് & ബോയിലേഴ്സിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ലാത്തവക്കുദാഹരണം

1.ഡിമാന്റ് രജിസ്റ്റർ നം 74,പി.ജെ.ജോർജ് കുട്ടി,സ്പ്പിന്നർ എക്സ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് (ഇൻഡസ്ട്രിയൽ യൂണിറ്റായി രജിസ്റ്റർ ചെയ്ത വിവരം)

2.ഡിമാന്റ് രജിസ്റ്റർ നം 11, ടി.കെ.രവീന്ദ്രൻ,കുണ്ടുകാട്, ട്രെഡ് നിർമ്മാണം (95HP)

3.ഡിമാന്റ് രജിസ്റ്റർ നം12, ടി.കെ ഗോപാലകൃഷ്ണൻ, കുണ്ടുകാട്(95HP), ടി.കെ.പോളിമേഴ്സ് ട്രെഡ് റബർ നിർമ്മാണം (2016-17 ലേക്കുള്ള അഡ്വാൻസ് ഉൾപ്പെടെ)

ഇ) താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ രേഖകൾ ഹാജരാക്കാതെ അപേക്ഷ സമർപ്പിച്ചിട്ടും ലൈസൻസ് അനുവദിച്ചതായി കാണുന്നു.

| പേരു വിവരം | ഹാജരാക്കാത്ത രേഖകൾ |
|---|---|
| ഡിമാന്റ് രജിസ്റ്റർ നം 76, ഫവാസ്.വി.പി, മംഗലം ,<br><br>പെട്രോൾ പമ്പ് | 1.കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം |
| ഡിമാന്റ് രജിസ്റ്റർ നം118, നജീംഖാൻ | 1.ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിന്റെ അനുമതി |

| | |
|---|---|
| തെരുവത്ത് (Ho) | (30.09.2015 ന ശേഷമുള്ളത്)<br>2.കേരള സംസ്ഥാന മലീനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം<br>3.ഫയർ & റസ്ക്യൂ സർവീസസിന്റെ നിരാക്ഷേപ സാക്ഷ്യപത്രം |

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (16/26-9-16) നൽകിയതിൽ അടുത്ത തവണ ലൈസൻസ് അനുവദിക്കുമ്പോൾ മതിയായ രേഖകൾ പരിശോധിച്ച് ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കാമെന്നതാണ്. മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം ഡി& ഒ ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 ഡി & ഒ ലൈസൻസ് കുറവായി ഈടാക്കി

തെക്കുംകര ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിൽ നിന്നും ഡി & ഒ ലൈസൻസ് കുറവായി ഈടാക്കിയിരിക്കുന്നു.

| ഡിമാന്റ് രജിസ്റ്റർ നം | പേരു വിവരം | വാർഡ്/ കെട്ടിടം നം | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയത് |
|---|---|---|---|---|---|
| 74 | പി.ജെ.ജോർജ് കുട്ടി,സ്പ്പിന്നർ എക്സ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്,പൂമല | XIII/ 180,181 | 489.37HP | പരമാവധി 4893.70/-രൂപ<br>(100 HP മുതൽ200 HP വരെ പരമാവധി ചുമത്താവുന്ന ഡി &ഒ ലൈസൻസ് ഫീ 2000രൂപയും തുടർന്നുള്ള ഓരോ കുതിര ശക്തിക്കും 10 രൂപ വച്ചുമാണ്.) | 1000 |

കേരള പഞ്ചായത്ത് രാജ് ചട്ടം 18 അനുസരിച്ച് വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന യന്ത്രസാമാഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് പട്ടിക 3 പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാം. അപേക്ഷയിൽ വിറ്റുവരവ്, യന്ത്രത്തിന്റെ കുതിരശക്തി എന്നിവ എഴുതിയിട്ടില്ല. കേരള സംസ്ഥാന മലീനികരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രത്തിൽ 489.37HP ഉപയോഗിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. കുറവായി ഈടാക്കിയ ലൈസൻസ് ഫീ 3894/- രൂപ ഡിമാന്റ് ചെയ്തു ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 ലൈവ് സ്റ്റോക്ക് ഫാം -ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്.

1) 2015-16 വർഷത്തിൽ D&O ലൈസൻസ് നല്കിയ താഴെ പറയുന്ന ലൈസൻസികൾക്ക് സർക്കാർ ഉത്തരവ് നമ്പർ 101/2012 ത.സ്വ.ഭ.വ തിയ്യതി 13.4.2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നം-3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

1)ദാമോദർ ഫാംസ്-എം.സി.രാജേഷ്, കാക്കിനിക്കാട്
2)ലിസ്സി രാജു, പൂമല-കോഴി ഫാം
3)ബീന ജെയിംസ്, കുണ്ടുകാട്-കോഴി ഫാം (300എണ്ണം)

4)കോഴി ഫാം-സിനി മുരളി , അവണൂർ- ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടില്ല. (കേസ് നിലനിൽക്കുന്നു)

2)2015-16 ൽ വസ്തു നികുതി നിർണ്ണയിച്ച താഴെ പറയുന്ന ഫാമുകൾക്ക് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് നൽകിയതായി കാണുന്നില്ല. ആയതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക (എൻക്വയറി നം. 18/26.09.16) ഫാമുടമസ്ഥർക്ക് കത്തുകളയച്ച് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടനം | വസ്തുനികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|
| ഏലിയാമ്മ തോമസ്, പുത്തൻപുരയ്ക്കൽ | 165.10m2 | XIV/210 | 3.6.15 |
| ഏലിയാമ്മ തേമസ്, പുത്തൻപുരയ്ക്കൽ | 152.49M2 | XIV/210A | 3.6.15 |
| പാപ്പച്ചൻ.എം.സി, മാടശ്ശേരി | 56.31M2 | X/241A | 27.6.15 |
| ചാക്കുണ്ണി, ഒലക്കേങ്കിൽ | 108.04M2 | VIII/361B | 2.12.15 |
| പൗലോസ് മാത്യു, വീരോലിപ്പാടം | 86.94M2 | VIII/242A | 16.1.16 |
| മുളന്താനത്ത് ചാക്കോ മകൻ ഇട്ടൻ | 135.27M2 | XII/56A | 8.1.16 |

മൃഗസംരക്ഷണം, കൃഷി എന്നീ മേഖലകൾക്ക് പ്രധാന്യമുള്ള തെക്കുംകര ഗ്രാമപഞ്ചായത്തിൽ, നിലവിൽ പ്രവർത്തിക്കുന്ന ഫാമുകൾക്കും, 2015-16 സാമ്പത്തിക വർഷം പുതുതായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കോഴി/ആട് ഫാമുകൾക്കും, ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ പ്രകാരം മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കേണ്ടതും, ലൈസൻസില്ലാതെ ആയവ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള വിതരണ പദ്ധതികളുടെ വൈദ്യുതിചാർജ് അടച്ചത്-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

താഴെപ്പറയുന്ന കൺസ്യൂമർ നമ്പറുകളിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ വൈദ്യുതിച്ചാർജ് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അടച്ചുവരുന്നതായി 2015-16 ലെ തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചപ്പോൾ കണ്ടു.

| ക്രമനമ്പർ | കൺസ്യൂമർ | 4/2015ൽ | വൗച്ചർ |
|---|---|---|---|

| | നമ്പർ | അടച്ചതുക (രൂപ) | നമ്പർ |
|---|---|---|---|
| 1 | 9666 | 106 | 33/10.4.15 |
| 2 | 2889 | 530 | 33/10.4.15 |
| 3 | 2819 | 12873 | 33/10.4.15 |
| 4 | 9850 | 1791 | 33/10.4.15 |
| 5 | 2850 | 115 | 33/10.4.15 |
| 6 | 10094 | 9585 | 33/10.4.15 |
| 7 | 10324 | 196 | 33/10.4.15 |
| 8 | 10092 | 2557 | 33/10.4.15 |
| 9 | 2848 | 11051 | 33/10.4.15 |
| 10 | 27693 | 20 | 39/16.4.15 |
| 11 | 6390 | 3922 | 40/16.4.15 |

ഈ വിഷയം സംബന്ധിച്ച് താഴെ പ്പറയുന്ന അപാകതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ കുടിവെള്ള വിതരണ പദ്ധതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുന്ന പദ്ധതികൾ, ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടപ്പാക്കിയ പദ്ധതികൾ, ഗുണഭോക്താക്കളുടെ സഹായത്തോടെ ആരംഭിച്ച് പരിപാലിക്കാൻ വിഭാവനം ചെയ്ത സ്വജൽ ധാര/ ജലനിധി പദ്ധതികൾ എന്നിവയുടെ വൈദ്യുതി ചാർജ്, അറ്റകുറ്റപ്പണിയുടെ ചെലവ്, പമ്പ് ഓപ്പറേറ്ററുടെ ശമ്പളം എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കരുതെന്നും പ്രസ്തുത ചെലവുകൾ ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്നും, പൊതു ടാപ്പുകൾ മാത്രമുള്ള പദ്ധതികളുടെ ചാർജ്ജും മറ്റ് ചെലവുകളും ഗുണഭോക്തൃസമിതി രൂപീകരിക്കാൻ സാധ്യമാകാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കാമെന്നും സ.ഉ.(സാധാ)നം. 1275/2009/ത.സ്വ.ഭ.വ തീയ്യതി.30.5.2009, സർക്കുലർ നം.674/കെ.2 /07/ത.സ്വ.ഭ.വ തീയ്യതി.25.2.2007 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിർദ്ദേശമുണ്ട്. ഗ്രാമപഞ്ചായത്ത് ഈ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

2. മേൽ പദ്ധതികൾ എല്ലാം തന്നെ പൊതു ടാപ്പുകൾ മാത്രമുള്ള പദ്ധതികൾ ആണെങ്കിൽ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് നടത്തിപ്പ് കൈമാറാൻ നടപടികൾ സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3. 27693 നമ്പർ കൺസ്യൂമർ നമ്പറിലുള്ള പദ്ധതിയുടെ (ക്രമനമ്പർ 10) വൈദ്യുതിബിൽ (686243/1.4.15) പരിശോധിച്ചപ്പോൾ ബിൽ കാലയളവിൽ വൈദ്യുതി ഉപഭോഗം ഉണ്ടായിട്ടില്ല എന്ന് കണ്ടു. പ്രസ്തുതപദ്ധതി ബിൽ കാലയളവിൽ പ്രവർത്തിച്ചിരുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കേണ്ടതാണ്.

## 3-2 വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം അടച്ചത് - ടാപ്പുകൾ സംയുക്തപരിശോധന നടത്തേണ്ടതാണ്.

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് നമ്പർ 1989/20.5.2015 പ്രകാരം ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ 161 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിവർഷം ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ പ്രതിമാസം 70438 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നുണ്ട്. (ഉദാ.വൗച്ചർ നമ്പർ 68/28.5.15). എന്നാൽ വെള്ളക്കരം അടയ്ക്കുന്ന പൊതുടാപ്പുകൾ എല്ലാം പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തന രഹിതമായ ടാപ്പുകൾക്കും വെള്ളക്കരം അടയ്ക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ടാപ്പുകൾ സംയുക്ത പരിശോധന നടത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ചെള്ളി കുടിവെള്ളപദ്ധതി -പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

2012-13 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേരളാ വാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് വർക്ക് ആയി നിർവഹണം ആരംഭിച്ച ചെള്ളി കുടിവെള്ള പദ്ധതിയുടെ CD, OYEC അടയ്ക്കുന്നതിന് വൗച്ചർ നമ്പർ 60/10.6.15പ്രകാരം 41325 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം, അടങ്കൽ, ചെലവഴിച്ച തുക, പ്രവർത്തനം ആരംഭിച്ച തീയതി മുതലായവ ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ നിലവിലുള്ള അവസ്ഥ വിശദീകരിക്കേണ്ടതാണ്.

## 3-4 മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതിച്ചാർജ് ഇനത്തിൽ പ്രതിമാസം 70,000/-രൂപയിൽ അധികം തുക കെ.എസ്.ഇ.ബി യിൽ അടച്ചുവരുന്നുണ്ട്. വൈദ്യുതിച്ചാർജ് അടച്ചുവരുന്ന ആകെയുള്ള 39 കൺസ്യൂമർ നമ്പറുകളിൽ 38 എണ്ണം മീറ്റർ റീഡിംഗ് അടിസ്ഥാനമാക്കിയുള്ളതാണ്. 39ാമത്തെ കൺസ്യൂമർ നമ്പറായ 2775ന്റെ വൈദ്യുതിചാർജ് മീറ്റർ റീഡിംഗിന്റ അടിസ്ഥാനത്തിലല്ല അടവാക്കുന്നത്. ഈ കൺസ്യൂമർ നമ്പറിന്റെ വൈദ്യുതിച്ചാർജ് എല്ലായ്പ്പോഴും മീറ്റർ ഘടിപ്പിച്ച മറ്റ് 38 കൺസ്യൂമർ നമ്പറുകളുടെ വൈദ്യുതിച്ചാർജിലും അധികരിച്ചതാണ് എന്ന് ബന്ധപ്പെട്ട വൗച്ചറുകൾ (ഉദാ. 62/10.6.15, യഥാക്രമം 24357, 31879)പരിശോധിച്ചപ്പോൾ കാണുകയുണ്ടായി. മീറ്റർ സ്ഥാപിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് നിർണ്ണയിക്കുന്നത് തെരുവ് വിളക്കുകൾ നിശ്ചിത സമയം പ്രകാശിക്കുന്നുണ്ടെന്ന അനുമാനത്തിന്റ അടിസ്ഥാനത്തിൽ ആയതിനാൽ, തെരുവ് വിളക്കുകൾ പ്രകാശിച്ചിട്ടില്ലെങ്കിലും വൈദ്യുതി ചാർജ് അടക്കേണ്ടതായി വരുമെന്ന് വ്യക്തമാണ്. ഇത് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഭീമമായ തുക ചോർന്നു പോകുന്നതിന് കാരണമാകും എന്നതിന് സംശയമില്ല.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (14/26.9.16) മറുപടിയിൽ (എ6183/16 തീയ്യതി.26.9.16) സ്ട്രീറ്റ് ലൈറ്റ് മെയിൻ ഇല്ലാത്തതിനാലാണ് മീറ്റർ സ്ഥാപിക്കാത്തതെന്നും, സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കുന്നതിന് 30,00,000/- രൂപ ചെലവ് വരുമെന്നതിനാൽ പഞ്ചായത്തിന് നിലവിൽ പ്രസ്തുത പദ്ധതി ഏറ്റെടുക്കാൻ ആകില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന പക്ഷം പഞ്ചായത്തിന് വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം ലാഭിക്കാവുന്ന തുക കണക്കിലെടുത്താൽ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി പദ്ധതി ഏറ്റെടുത്ത് പൂർത്തീകരിക്കുന്നത് ഉചിതമാകുമെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-5 ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ -2927 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ-S0086/16

ബിൽ നമ്പർ-3/15-16/28.10.15/35000 രൂപ
നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, ആയുർവേദം

സിഡ്കോയിൽ നിന്നും ഇൻവോയ്സ് നമ്പർ. SMC/OLR/15-16/0328/10.11.15 പ്രകാരം 32073 രൂപയ്ക്ക് ഫർണ്ണീച്ചറുകൾ വാങ്ങിയതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിനു ഹാജരാക്കിയിട്ടുള്ളൂ.

2927 രൂപയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 2927 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയുടെ ഹോംകെയർ നടത്തിപ്പിനായി ഓടിയ ഗ്രാമപഞ്ചായത്തിന്റെ വാഹനത്തിന്റെ ഡ്രൈവർക്ക് സ്വകാര്യവാഹനത്തിന്റെ നിരക്ക് നല്കയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള KL48E-1501, നമ്പർ മാരുതി ഓമ്‌നി ആംബുലൻസ് വാൻ മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണം നടത്തിയ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയുടെ ഹോംകെയർ നടത്തിപ്പിനായി ഓടിയ തീയതികളിൽ, വാഹനത്തിന്റെ ഡ്രൈവർക്ക് 1000 രൂപ വീതം ലോഗ്ബുക്കിൽ രേഖപ്പെടുത്തലില്ലാതെ നൽകിയിരിക്കുന്നു. വിശദാംശം ചുവടെ നൽകുന്നു.

| ക്രമനമ്പർ | ബിൽനമ്പർ /തീയതി | തുക | തുക കൈപ്പറ്റിയ ആളുടെ പേര് |
|---|---|---|---|
| 1 | 1/7.4.15 | 1000 | ബഷീർ.പി.കെ |

| | | | |
|---|---|---|---|
| 2 | 3/10.4.15 | 1000 | ബഷീർ.പി.കെ |
| 3 | 5/10.4.15 | 1000 | ബഷീർ.പി.കെ |
| 4 | 7/17.4.15 | 1000 | ബഷീർ.പി.കെ |
| 5 | 9/21.4.15 | 1000 | ബഷീർ.പി.കെ |
| 6 | 11/21.4.15 | 1000 | ബഷീർ.പി.കെ |
| 7 | 13/28.4.15 | 1000 | ബഷീർ.പി.കെ |
| 8 | 15/30.4.15 | 1000 | ബഷീർ.പി.കെ |
| 9 | 19/5.5.15 | 1000 | ബഷീർ.പി.കെ |
| 10 | 21/8.5.15 | 1000 | ബഷീർ.പി.കെ |
| 11 | 23/12.5.15 | 1000 | ബഷീർ.പി.കെ |
| 12 | 25/16.5.15 | 1000 | ബഷീർ.പി.കെ |
| 13 | 27/19.5.15 | 1000 | ബഷീർ.പി.കെ |
| 14 | 29/22.5.15 | 1000 | ബഷീർ.പി.കെ |
| 15 | 31/26.5.15 | 1000 | ബഷീർ.പി.കെ |
| 16 | 33/30.5.15 | 1000 | ബഷീർ.പി.കെ |
| 17 | 3/2.6.15 | 1000 | ബഷീർ.പി.കെ |
| 18 | 5/5.6.15 | 1000 | ബഷീർ.പി.കെ |
| 19 | 7/9.6.15 | 1000 | ബഷീർ.പി.കെ |
| 20 | 9/11.6.15 | 1000 | ബഷീർ.പി.കെ |
| 21 | 13/20.6.15 | 1000 | ബഷീർ.പി.കെ |
| 22 | 15/23.6.15 | 1000 | ബഷീർ.പി.കെ |
| 23 | 17/25.6.15 | 1000 | ബഷീർ.പി.കെ |
| 24 | 19/27.6.15 | 1000 | ബഷീർ.പി.കെ |
| 25 | 21/30.6.15 | 1000 | ബഷീർ.പി.കെ |
| 26 | 27/4.7.15 | 1000 | ബഷീർ.പി.കെ |
| 27 | 29/7.7.15 | 1000 | ബഷീർ.പി.കെ |
| 28 | 31/9.7.15 | 1000 | ബഷീർ.പി.കെ |
| | ആകെ | 28000 | |

ഡ്രൈവറുടെ വേതന നിരക്ക് സംബന്ധിച്ച് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 28000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസഹായം -രേഖകളുടെ അഭാവത്തിൽ ധനസഹായം അനുവദിച്ചു

1)പ്രോജക്ട് നമ്പർ-SOO 77/16 (സ്പിൽഓവർ)

ബിൽ നമ്പർ-1/15-16/19.9.15, തുക- 75000രൂപ
നിർവഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്സ്,

മേൽ പ്രോജക്ട് പ്രകാരം താഴെ പ്പറയുന്ന 3 വിദ്യാർത്ഥികൾക്ക് 25000/- രൂപ വീതം പഠനസഹായം നല്കിയിരിക്കുന്നു. എന്നാൽ അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പേര് | ഡി.ഡി നമ്പർ/ തീയതി /തുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | സംഗീത.പി. D/Oപുഷ്പാംഗദൻ മേപ്പാടത്ത് | 984264/19.9.15-25000 | പഠനം നടത്തുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, പഞ്ചായത്ത് കമ്മറ്റി |

| | | | |
|---|---|---|---|
| | ഹൗസ് | | തീരുമാനം, പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| 2 | സുനിത്ത് എൻ.എസ് നെല്ലിപ്പറമ്പിൽ കരുമത് | 984265/19.9.15-25000 | വരുമാനസർട്ടിഫിക്കറ്റ്, പഞ്ചായത്തു കമ്മറ്റി തീരുമാനം, പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| 3 | ഗ്രീഷ്മ.പി.എ D/Oഅനിൽകുമാർ പാറക്കൽ മണലിത്ര | 984263/19.9.15-25000 | വരുമാനസർട്ടിഫിക്കറ്റ്, പഞ്ചായത്തു കമ്മറ്റി തീരുമാനം, പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |

2)പ്രോജക്റ്റ് നമ്പർ-SOO 73/16

ബിൽ നമ്പർ-4/15-16/22.3.16,തുക- 100000രൂപ

മേൽ പ്രോജക്റ്റ് പ്രകാരം താഴെ പ്പറയുന്ന 4 വിദ്യാർത്ഥികൾക്ക് 25000 രൂപ വീതം പഠനസഹായം നല്കിയിരിക്കുന്നു.എന്നാൽ അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പേര് | ഡി.ഡി നമ്പർ/തീയതി / തുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | രശ്മി .എം.ആർ മുല്ലക്കൽ വീട് മണലിത്ര | 211166/22.3.16-25000/- | പഞ്ചായത്തു കമ്മറ്റി തീരുമാനം, പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, വരുമാനസർട്ടിഫിക്കറ്റ് |
| 2 | അശ്വതി മോൾ മടപ്പാട്ടിൽ കരുമത്ര.പി.ഒ | 211163/22.3.16 25000/- | വരുമാനസർട്ടിഫിക്കറ്റ്, പഞ്ചായത്തു കമ്മറ്റി തീരുമാനം, പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| 3 | സുരഭി സുരേന്ദ്രൻ പാറപ്പുറത്ത് അമ്പലപ്പാട് | 211164/22.3.16 -25000/- | വരുമാനസർട്ടിഫിക്കറ്റ്, പഞ്ചായത്തു കമ്മറ്റി തീരുമാനം, പട്ടികജാതി വികസന |

| | | | |
|---|---|---|---|
| | | | ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |
| 4 | സന്ധ്യ.ഇ.എസ് എലിങ്ങത്തുപറമ്പിൽ, കരുമത്ര | 211165/22.3.16-25000/- | ജാതിസർട്ടിഫിക്കറ്റ്, പഞ്ചായത്തു കമ്മറ്റി തീരുമാനം, പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം |

രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 1,75,000/- (1,00,000+75,000/-)രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 എസ്.എസ്.എ. -പഞ്ചായത്ത് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ-S0069/16

ബിൽനമ്പർ-2/15-16/16.11.15
നിർവഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്സ്

തുക-292043 രൂപ

ഡി.ഡി.നമ്പർ 745174/16.11.15 പ്രകാരം മേൽ തുക എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ആയത് ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 സ്പോർട്ട്സ് കിറ്റ് -രജിസ്ട്രേഷനില്ലാത്ത ക്ലബ്ബുകൾക്ക് അനുവദിച്ചു

പ്രോജക്ട് നമ്പർ-s00 70/16

ബിൽനമ്പർ-5/15-16/30.3.16

തുക-59625/-
നിർവഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്സ്

പഞ്ചായത്ത് പരിധിയിലെ വിവിധ ക്ലബ്ബുകൾക്ക് സ്പോർട്ട്സ്കിറ്റ് വാങ്ങി നൽകുന്നതാണ് പ്രോജക്ട്.

മേൽ പ്രോജക്ട് പ്രകാരം ടീച്ചർ ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് സ്റ്റോഴ്സിൽ നിന്നും ഇൻവോയ്സ് നമ്പർ C2 47/16/17.3.16 പ്രകാരം 1 സ്പോർട്ട്സ്കിറ്റിനു 3975 രൂപ നിരക്കിൽ 15 എണ്ണം വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.1955ലെ 12ാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത താഴെ പ്പറയുന്ന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് നൽകിയിരിക്കുന്നു.

a. പുലരി ക്ലബ്ബ്,വിരുപ്പാക്ക

b.മിറാഷ് ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, മണലിത്തറ

c.ടി.എഫ്.എ .തെക്കുംകര

d.യുവന്റ്സ് ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്,കാക്കിനിക്കാട്

e.ന്യൂ ഹെവൻ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് , കല്ലംകുട്ടം

f.യുവധാരാ ക്ലബ്ബ്

g.ന്യൂ വേവ്സ് വീരോലിപ്പാടം

h.യുവരശമി ക്ലബ്ബ് തെക്കുംകര

i.ഹോപ്പ്ബോയ്സ് ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, വെടിപ്പാറ.

2). വാങ്ങിയ 15 സ്പോർട്ട്സ് കിറ്റുകളിൽ 1 എണ്ണം വിതരണം നടത്തിയതായി കാണുന്നില്ല.

3.ക്ലബ്ബുകളെ തെരഞ്ഞെടുത്ത ഗ്രാമസഭ തീരുമാനം, പഞ്ചായത്ത് കമ്മറ്റി തീരുമാനം എന്നിവ ഹാജരാക്കേണ്ടതാണ്.

അംഗീകൃത രജിസ്ട്രേഷനില്ലാത്ത 9 ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് നൽകിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 35775/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ വിതരണ രേഖയില്ലാത്തതിനാൽ 3975രൂപയുടെ ചെലവ് നിരാകരിക്കുന്നു.

മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-10 അക്ഷരരത്ന -ലാപ് ടോപ് വിതരണം-ഫലപ്രാപ്തിയില്ല

പ്രോജക്ട് നമ്പർ-S0075/16

ബിൽ നമ്പർ-3/15-16/21.3.16 3,20,000/-

കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സ് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇൻവോയ്സ് നമ്പർ ITBG/15-16 8492/ITP/2901/11.3.16 പ്രകാരം 8 ലാപ് ടോപ്പ് കെൽട്രോണിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. (38095.24x8=304761.92+VAT 5%=15238.1=320000)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകി അവരുടെ പഠനനിലവാരം ഉയർത്തുക എന്നതാണ് പ്രൊജക്ട് ലക്ഷ്യം. എന്നാൽ ഫയൽ പരിശോധനയിൽ 5 ഗുണഭോക്താക്കൾ പഠനം പൂർത്തിയാക്കിയവരും 1 ഗുണഭോക്താവിന്റെ വിദ്യാഭ്യാസ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിലും ലാപ് ടോപ്പ് നൽകിയതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| പേര് /മേൽവിലാസം | അപാകത |
|---|---|
| അശ്വതി.കെ. ആർ<br>കാറ്റാടിയിൽ<br>കുണ്ടുകാട് | 12.12.15 കോഴ്സ് പൂർത്തിയാക്കി |
| സംഗീത.പി,<br>മേപ്പാടത്ത്, തെക്കുംകര | 1/16 ന് പഠനം പൂർത്തിയാക്കി |
| സ്റ്റെനി,<br>മുക്കുറ്റിവളപ്പിൽ,പുന്നംപറമ്പ് | അപേക്ഷയിൽ കോഴ്സ് കഴിഞ്ഞുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| രാഹുൽ.ടി.ഡി<br>തടത്തിൽ ഹൗസ്,<br>പനങ്ങാട്ടുകര | പഠനരേഖകൾ ഹാജരാക്കിയില്ല, |
| ശരത്ത്.സി.എസ്<br>ചൂണ്ടാലത്ത്, തെക്കുംകര | കോഴ്സ് കഴിഞ്ഞുവെന്നാണ് അപേക്ഷയിൽ ചേർത്തിരിക്കുന്നത് |
| വിദ്യ. ഒ.വി<br>ഊരോത്ത്, അത്താണി | കോഴ്സ് കഴിഞ്ഞു വെന്നാണ് അപേക്ഷയിൽ ചേർത്തിരിക്കുന്നത് |

2.മേൽപ്പറഞ്ഞ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത പഞ്ചായത്ത് കമ്മറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല

ഗുണഭോക്താക്കൾ പഠനം പൂർത്തിയാക്കി തുടർ പഠനം നടത്തുന്നില്ലായെങ്കിൽ അനുവദിച്ച ലാപ് ടോപ്പ് ഗ്രാമപഞ്ചായത്തിന് തിരികെ ഏൽപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതും, ആയത് നിർദ്ധനരായ വിദ്യാർത്ഥികളിൽ അർഹരായവർക്ക് നൽകാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രോജക്ടിൽ നിന്നും വ്യതിചലിച്ച്, പദ്ധതിപ്പണം ചെലവഴിക്കുന്നതിനു വേണ്ടി മാത്രമാണ് പ്രോജക്ട് നടപ്പാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതുവരെ 2,40,000 രൂപയുടെ (40,000x6=2,40,000)ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 തെരുവു വിളക്ക്-പൊതുപരാമർശങ്ങൾ

1.തെരുവു വിളക്ക് രജിസ്റ്റർ-ഗ്രാമപഞ്ചായത്തിൽ വാർഡ് തലത്തിൽ പോസ്റ്റ്നമ്പർ രേഖപ്പെടുത്തി തെരുവു വിളക്കുകളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തിയ തെരുവു വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയത് തയ്യാറാക്കേണ്ടതാണ്.

2.ത.സ്വ.ഭ.വ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.9.11 ലെ 3055/ഡി.എ.3/2011 സർക്കുലർ പ്രകാരം തെരുവു വിളക്ക് സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും, പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ്നം. ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും, ഇതേ രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്ത്, കെ.എസ്.ഇ.ബി ഓഫീസ് എന്നിവിടങ്ങളിൽ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രജിസ്റ്റർ പരിപാലിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.തെരുവു വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരം ഉള്ളവയും കെ.എസ്.ഇ.ബി നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്. തെരുവു അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ നിർബന്ധമായും ഇക്കാര്യം പരിശോധിക്കേണ്ടതും, രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

4.തെരുവു വിളക്ക് റിപ്പയർ ചെയ്ത് പഴയ സാമഗ്രികൾ തിരികെ ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്ത് സ്റ്റോക്കിൽ ചേർക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഒരേ പോസ്റ്റ്നമ്പറിൽ വ്യത്യസ്ത ഇനം തെരുവു വിളക്കുകൾ റിപ്പയർ ചെയ്തു

2015-16 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവു വിളക്ക് റിപ്പയർ പ്രൊജക്ടുകളിൽ ഒരേ പോസ്റ്റ്നമ്പറിൽ വ്യത്യസ്ത ഇനം തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതായി രേഖപ്പെടുത്തി, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് തുക അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്(5/16)-ഓട്ടോമാറ്റിക് സി.എഫ്.എൽ റിപ്പയറിങ്ങ് | | | പ്രൊജക്ട്-6/16<br>സ്ട്രീറ്റ് ലൈറ്റ് റിപ്പയറിങ്ങ്(ട്യൂബ്, സി.എഫ്.എൽ) | | |
|---|---|---|---|---|---|
| കരാറുകാരൻ-സത്യൻ, ചെമ്പകശ്ശേരി,പെരിങ്ങണ്ടൂർ<br>കരാർ തുക-400/-(CFL)<br>ഡിഡി.നം-745046/21.12.15-188200/-<br>ഡിഡി.നം-211506/28.3.16-311000/- | | | കരാറുകാരൻ-രാജേഷ്.സി.കല്ലിപ്പറമ്പിൽ, തെക്കുംകര<br>കരാർ തുക-250/-(TUBE)<br>ഡിഡി.നം-211503/28.3.16-108900/- | | |
| വാർഡ് | പോസ്റ്റ്നമ്പർ | ഇനം | വാർഡ് | പോസ്റ്റ്നമ്പർ | ഇനം |
| 5 | PMM/39 | CFL | 5 | PNP/<br>PMM/39 | TUBE |
| 12 | PKD/16<br>PKD/29 | CFL<br>CFL | 12 | PNP/<br>PKD/16 | TUBE<br>TUBE |

| | | | | | |
|---|---|---|---|---|---|
| | | | | PNP/ PKD/29 | |
| 17 | TKC/4 | CFL | 17 | PNP/TKC/4 | TUBE |
| ആകെ | | 4X400=1600 | | | 4X250= 1000 |

ഇതു സംബന്ധിച്ച് 27-9-2010 ന് നൽകിയ 27ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വ്യക്തമായ മറുപടി നൽകിയിട്ടില്ല.

ഒരേ പോസ്ററ് നമ്പറിൽ സി.എഫ്.എൽ, ട്യൂബ് ലൈറ്റ് എന്നിവ റിപ്പയർ ചെയ്തതായി രേഖപ്പെടുത്തി കരാറുകാർക്ക് അനുവദിച്ച തുക 2600/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 തെരുവു വിളക്ക് സ്ഥാപിക്കാത്ത പോസ്റ്റുകളിൽ തെരുവു വിളക്ക് റിപ്പയറിങ്ങ് നടത്തിയതിന് തുക അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥ-സെക്രട്ടറി

പ്രൊജക്ട്- 1)എസ്.സി. കോളനികളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ (പ്രൊജക്ട്നം.58/16).

ആകെ ചെലവ്-KREWS(64 ഡബിൾ ട്യൂബ് സെറ്റുകളുടെ ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെയുള്ള വില)
ഡിഡി.നം. 210495/29. 2. 16- 133312/-

കെ.എസ്.ഇ.ബി സൂപ്പർവിഷൻ ചാർജ്- ഡിഡി.നം.210499/29.2.16, 12800/-

2)തെരുവു വിളക്കുകൾ സ്ഥാപിക്കൽ-ജനറൽ(പ്രൊജക്ട് നം.57/16)

ആകെ ചെലവ്-KREWS(131 ഡബിൾ ട്യൂബ് സെറ്റുകളുടെ ഇൻസ്റ്റലേഷൻ ചാർജ്ജുൾപ്പെടെയുള്ള വില )
ഡിഡി.നം. 210494/29.2.16-312450/-

കെ.എസ്.ഇ.ബി സൂപ്പർവിഷൻ ചാർജ്- ഡിഡി.നം.210492/29.2.16, 26200/-(പുന്നംപറമ്പ് സെക്ഷൻ)

ഡി ഡി.നം. 210493/29. 2. 16, 3800/-(വടക്കാഞ്ചേരി സെക്ഷൻ)

3)സോഡിയം വേപ്പർ ലാമ്പ്, എൽ.ഇ.ഡി ലൈറ്റുകൾ റിപ്പയർ (പ്രൊജക്ട്നം. 102/16)

കരാറുകാരൻ-സി.ബി.സത്യൻ, ചെമ്പകശ്ശേരി ഹൗസ്, പെരിങ്ങണ്ടൂർ

ആകെ ചെലവ്- ഡിഡി.നം. 745045/21.12.15-13862/-

ഡിഡി.നം. 211504/28.3.16- 35663/-

നാളിതു വരെ തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് (ഡബിൾ ട്യൂബ് സെറ്റ്) സാമഗ്രികൾ ക്രൂസിൽ നിന്നും വാങ്ങുകയും കെ.എസ്.ഇ.ബി അനുമതിയോടു കൂടി വിവിധയിടങ്ങളിൽ സ്ഥാപിക്കുന്നതിനും പ്രൊജക്ടുകളിൽ ലക്ഷ്യമിടുന്നു. ആയതു പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ നമ്പറുകളും, KREWS അവയിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചതായും കെ.എസ്.ഇ.ബി. സാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ട പോസ്റ്റുകളിൽ പ്രൊജക്ട് നമ്പർ 6/16ന്റെ ഭാഗമായി (സ്ട്രീറ്റ് ലൈറ്റ് റിപ്പയർ-ട്യൂബ്, സി.എഫ്.എൽ) ട്യൂബ് ലൈറ്റുകൾ, സോഡിയം വേപ്പർലാമ്പുകൾ (പ്രൊജക്ട്നം.102/16)എന്നിവ റിപ്പയർ ചെയ്തതായ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്.

| വാർഡ് നം | പ്രൊജക്ട്-6/16 (സ്ട്രീ റ്റ് ലൈറ്റ് റിപ്പയർ-ട്യൂബ്, സി.എഫ്.എൽ) | പ്രൊജക്ട്-58/16 (എസ്.സി. കോളനികളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കൽ) | പ്രൊജക്ട്-57/16 (തെരുവു വിളക്കുകൾ സ്ഥാപിക്കൽ-ജനറൽ) | പ്രൊജക്ട്നം. 102/16 (സോഡിയം വേപ്പർ ലാമ്പ്, എൽ.ഇ.ഡി ലൈറ്റുകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | റിപ്പയർ) |
| 5 | PNP/MNK-25/24 | MNK-25/24 | ---------- | ---------- |
| 5 | PNP/MNK-25/35 | MNK-25/35 | ---------- | ---------- |
| 5 | PNP/MNK-25/37 | MNK-25/37 | ---------- | ---------- |
| 5 | PNP/MNK-25/4 | MNK-25/4 | ---------- | ---------- |
| 5 | PNP/MNK-25/1 | MNK-25/1 | ---------- | ---------- |
| 17 | PNP/TKC-14 | TKC-14 | ---------- | ---------- |
| 17 | PNP/TKC-20 | TKC-20 | ---------- | ---------- |
| 17 | PNP/TKC-7 | TKC-7 | ---------- | ---------- |
| 17 | PNP/TKC-23 | TKC-23 | ---------- | ---------- |
| 3 | PNP/KVD-58 | ---------- | KVD-58 | ---------- |
| 18 | PNP/PTC-18 | ---------- | PTC-18 | ---------- |
| 2 | ---------- | ---------- | KVD-77 | KVD-77(SVL) |
| 16 | ---------- | ---------- | PTC-39 | PTC-39(LED) |
| ആകെ | 11X250= 2750 | | | SVL-2875 LED-675 ആകെ-3550 |

തെരുവുവിളക്കുകൾ സ്ഥാപിക്കാത്ത പോസ്റ്റുകളിൽ തെരുവുവിളക്കുകൾ റിപ്പയർ നടത്തിയതായി രേഖപ്പെടുത്തി കരാറുകാരന് ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി പുതിയത് സ്ഥാപിച്ചു എന്നാണ് അറിയിച്ചത്. അപ്രകാരമാണെങ്കിൽ തെരുവു വിളക്കുകൾ ഡിസ്മാന്റിൽ ചെയ്ത് പുതിയത് സ്ഥാപിക്കുന്നതിനുള്ള നിരക്ക് രേഖപ്പെടുത്തിയ ബില്ലാണ് KREWS സമർപ്പിക്കേണ്ടിയിരുന്നത്. ആയതിനാൽ നിലവിലില്ലാത്ത പോസ്റ്റുകളിൽ റിപ്പയർ ചെയ്തതായി രേഖപ്പെടുത്തിയ തെരുവു വിളക്കുകളുടെ റിപ്പയർ ചാർജ് 6300/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-14 ആദായ നികുതി ഈടാക്കിയിട്ടില്ല

1961ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 194(c)പ്രകാരം കരാറടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ഏതൊരു ചെലവിനും കരാറുകാരിൽ നിന്നും 1%ആദായനികുതി ഈടാക്കേണ്ടതാണ്. കരാറുകാരന് പാൻ നമ്പർ ഇല്ലെങ്കിൽ 20% വും ഈടാക്കേണ്ടതാണ്. എന്നാൽ തെരുവു വിളക്ക് റിപ്പയർ കരാറടിസ്ഥാനത്തിൽ ഏറ്റെടുത്ത താഴെ പറയുന്ന കരാറുകാരിൽ

നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

| കരാറുകാരൻ | പ്രൊജക്റ്റ് | കൈപ്പറ്റിയ തുക |
|---|---|---|
| സി.ബി.സത്യൻ, ചെമ്പകശ്ശേരി ഹൗസ് പെരിങ്ങണ്ടൂർ | 5/16 | 499200/- |
| സി.ബി.സത്യൻ, ചെമ്പകശ്ശേരി ഹൗസ് പെരിങ്ങണ്ടൂർ | 101/16 | 139200/- |
| സി.ബി.സത്യൻ, ചെമ്പകശ്ശേരി ഹൗസ് പെരിങ്ങണ്ടൂർ | 102/16 | 49525/- |
| രാജേഷ്.സി.കല്ലിങ്ങൽ ഹൗസ് തെക്കുംകര | 6/16 | 108900/- |

ആദായ നികുതി ഈടാക്കി അടവാക്കേണ്ടതാണ്.

## 3-15 ഭവനപുനരുദ്ധാരണം-അനർഹമായി ധനസഹായം അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ- അസി.സെക്രട്ടറി

പ്രൊജക്റ്റ് നം-68/16, എസ്.സി ഭവനപുനരുദ്ധാരണം

ജി.ഒ(എം.എസ്) 362/13ത.സ്വ.ഭ.വ തിയതി 16.12.13 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 6 വർഷം കഴിഞ്ഞവർക്ക് മാത്രമേ വീട് പുനരുദ്ധാരണത്തിന് അർഹതയുള്ളൂ. കൂടാതെ വീട് റിപ്പയർ ലഭിച്ച് 6 വർഷത്തിനു ശേഷം മാത്രമേ അടുത്ത വീട് റിപ്പയർ അനുവദിക്കാവൂ. ഈ നിർദ്ദേശം പാലിക്കാതെ ധനസഹായം അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ഡിഡിനം/തിയതി | കുറിപ്പുകൾ |
|---|---|---|---|
| സുമതി പരമേശ്വരൻ, പുളിക്കപ്പറമ്പിൽ (xii/245) | 20000 | 211156/22.3.16 | റേഷൻകാർഡ് നം.1842136047ൽ വനിത വീട് റിപ്പയർ 2009-10ൽ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 15/2/16ൽ വി.ഇ.ഒ 2009-10ൽ ഭവനപുനരുദ്ധാരണം അനുവദിച്ചതായി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. |
| സരോജിനി അയ്യപ്പൻ, കുന്നിൻമേൽ വീട്ടിൽ(xv/80) | 20000 | 981316/29.6.15 | 23/3/15ൽ സരോജിനി അയ്യപ്പന് 2009-10ൽ ഭവനപുനരുദ്ധാരണം അനുവദിച്ചതായി വി.ഇ.ഒ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. |

മേൽപ്പറഞ്ഞ രണ്ടു ഗുണഭോക്താക്കൾക്കും ഭവനപുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ച് 6 വർഷം പൂർത്തിയാകുന്നതിനു മുമ്പേ അനുവദിച്ച 40000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-16 സബ്സിഡി മാനദണ്ഡങ്ങൾ മുഴുവൻ പാലിക്കുന്നവർക്ക് മാത്രമായി ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തേണ്ടതാണ്.

2015-16 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രൊജക്ടുകളാണ് ഉറസ്സായ കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റലും (പ്രൊജക്ട്നം.95/16), സാനിറ്ററി ടോയ് ലറ്റും. (പ്രൊജക്ട്നം126/16).

1.ഉറസ്സായ കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (പ്രൊജക്ട്നം.95/16)

അടങ്കൽ-180000/-

ചെലവ്-1,25000/-

ഗുണഭോക്താക്കളുടെ എണ്ണം-25

ജി.ഒ (എം.എസ്)362/13 ത.സ്വ.ഭ.വ തിയതി16.11.13 പ്രകാരം കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷന്റെ മാർഗ്ഗരേഖ പ്രകാരം കിണറുകളുടെ ഉൾവശം സിമന്റ് പൂശുക, ചുറ്റുമതിൽ കെട്ടുക, പ്ലാറ്റ് ഫോം നിർമ്മിക്കുക, മലിനജലം ഒഴുകിപ്പോകുന്നതിന് ചാൽ നിർമ്മിക്കുക, മുകൾഭാഗത്ത് സംരക്ഷണവലകെട്ടുക മുതലായ പ്രവൃത്തികൾ ചെയ്ത് ഉറസ്സായ കിണറുകളെ ശുചിത്വ കിണറുകളാക്കി മാറ്റുന്നതിനാണ് സബ്സിഡി തുക 5000/- അനുവദിക്കുന്നത്. തെക്കുംകര ഗ്രാമപഞ്ചായത്തിൽ മേൽപ്പറഞ്ഞ ആനുകൂല്യത്തിന് അർഹരായ മുഴുവൻ ഗുണഭോക്താക്കളും "കിണർ ആൾമറ കെട്ടൽ"എന്ന പേരിലാണ് അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നത്. ഗുണഭോക്താക്കളുടെ റഫ് എസ്റ്റിമേറ്റിലാകട്ടെ സിമന്റ്, മണൽ, ഇഷ്ടിക, കൂലി എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി 6000/-രൂപയ്ക്ക് താഴെയുള്ള തുക രേഖപ്പെടുത്തിയാണ് ഭൂരിഭാഗം അപേക്ഷകളും സമർപ്പിച്ചിരിക്കുന്നത്.

ഓവർസിയറുടെ വാല്യേഷൻ റിപ്പോർട്ടിൽ ഗുണഭോക്താക്കൾ നിർവ്വഹിച്ച പ്രവൃത്തികളുടെ വിശദാംശം രേഖപ്പെടുത്താതെ കുറഞ്ഞത് 5200/-രൂപ മുതൽ 7000/-രൂപ വരെയുള്ള വാല്യേഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഓവർസിയറുടെ ഇപ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നത്.

2.സാനിറ്ററി ടോയ് ലറ്റ്

അടങ്കൽ-144000/-

ചെലവ്-80000/-

ഗുണഭോക്താക്കളുടെ എണ്ണം-10

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഇരട്ടക്കുഴി കക്കൂസ്, മലിനജലം ഒഴുകിപ്പോകുന്നതിനുള്ള സോക്കറ്റ് പിറ്റ്, ജൈവമാലിന്യ സംസ്കരണത്തിനുള്ള കമ്പോസ്റ്റ് പിറ്റ് എന്നിവ അടങ്ങുന്ന സാനിറ്ററി യൂണിറ്റിന് അനുവദിക്കാവുന്ന സബ്സിഡി തുകയാണ് 8000/-. ഇതിൽ നിന്നും വിഭിന്നമായി "സാനിറ്ററി ടോയ് ലറ്റ്" എന്ന പേരിൽ പ്രൊജക്ട് തയ്യാറാക്കി മുഴുവൻ ഗുണഭോക്താക്കൾക്കും സബ്സിഡി തുക പൂർണ്ണമായും അനുവദിച്ചു. കൂടാതെ സമ്പൂർണ്ണ ശുചിത്വപരിപാടിയുടെ ധനസഹായം വകയിരുത്തിയ ശേഷം ഈ നിരക്കിൽ അധികം നൽകേണ്ട തുകയായിരിക്കണം തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതമായി പ്രൊജക്ടിൽ വകയിരുത്തേണ്ടത്. ഈ നിബന്ധനയും പാലിച്ചതായി കാണുന്നില്ല. സബ്സിഡി മാനദണ്ഡങ്ങൾ മുഴുവൻ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം ആനുകൂല്യങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. അതു വഴി മാത്രമേ പ്രൊജക്ടിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുകയുള്ളൂ.

## 3-17 വിവിധ സ്ഥാപനങ്ങളിലേക്ക് തുക നൽകിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2015-16 സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി സ്ഥാപനങ്ങളിൽ അടവാക്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട്നം | നിർവ്വഹണം | ട്രഷറി ബിൽ നം | തുക | തുക നൽകിയത് |
|---|---|---|---|---|
| 63/16<br>ഐ.എ.വൈ അധിക | അസി. സെക്രട്ടറി | 2/15-16 dt 21.6.15 | 5.60000/- | ബ്ലോക്ക് പഞ്ചായത്ത്. വടക്കാഞ്ചേരി |

| | | | | |
|---|---|---|---|---|
| വിഹിതം (എസ്.സി) | | | | |
| 63/16 ഐ.എ.വൈ അധികവിഹിതം (എസ്.സി) | അസി. സെക്രട്ടറി | 520/ 12001163dt 21.6.15 | 1,40000/- | ബ്ലോക്ക് പഞ്ചായത്ത് .വടക്കാഞ്ചേരി |
| 93/16 ഐ.എ.വൈ അധികവിഹിതം (ജനറൽ) | വി.ഇ.ഒ | 1/18.8.15 | 5,80000/- | ബ്ലോക്ക് പഞ്ചായത്ത്. വടക്കാഞ്ചേരി |
| 9/16 പോസ്റ്റ്മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് തുക കൈമാറൽ | സെക്രട്ടറി | ഡിഡിനം. 211507/ 28.3.16 | 112500/- | കെ.എസ്.ഇ.ബി വടക്കാഞ്ചേരി |
| | | ആകെ | 1392500/- | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 13,92,500/-തടസ്സപ്പെടുത്തുന്നു.

## 3-18 ഭവനപുനരുദ്ധാരണം-അനർഹർക്ക് അനുവദിച്ച ധനസഹായം-ചെലവു തുക നിരാകരിക്കുന്നു

നിർവ്വഹണം-വി.ഇ.ഒ

2015-16 സാമ്പത്തിക വർഷം വി.ഇ.ഒ 2014-15ലെ സ്പിൽ ഓവർ പ്രൊജക്റ്റ് ഉൾപ്പെടെ 3 ഭവനപുനരുദ്ധാരണ പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം | പ്രൊജക്റ്റ് പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|
| 124/16 (2014-15 സ്പിൽ ഓവർ) | 12 | 180000 | 150000 (10X15000) |
| 94/16 (വിഭിന്നശേഷിയുള്ളവർ ഉൾപ്പെട്ട കുടുംബത്തിന് ഭവനപുനരുദ്ധാരണം) | 24 | 360000 | 165000 (11X15000) |
| 96/16 (ഭവനപുനരുദ്ധാരണം) | 100 | 1500000 | 1200000 (80X15000) |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)362/2013 ത.സ്വ.ഭ,വ16.11.13 അനുബന്ധം 16ഖ.7.18, 2(iv)പ്രകാരം ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആയതിനു ശേഷം ഗ്രാമസഭയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും അംഗീകാരത്തിനു സമർപ്പിക്കേണ്ടതുമാണ്. ജി.ഒ(എം.എസ്) 362/13 ത.സ്വ.ഭ.വ തിയതി.16.11.13 പ്രകാരം ഭവനപുനരുദ്ധാരണ ധനസഹായം

അനുവദിക്കുമ്പോൾ പാലിക്കേണ്ട താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. വീട് വാസയോഗ്യമാണെങ്കിലും പുനരുദ്ധാരണ അറ്റകുറ്റപണികൾ അനിവാര്യമാണെന്ന് പരിശോധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. (ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിലെ വീടുകൾ പരിശോധിച്ച് അർഹർ, അനർഹർ എന്നിങ്ങനെ തരം തിരിച്ച് കെട്ടിടനമ്പർ, വീടിന്റെ അവസ്ഥ എന്നിവ രേഖപ്പെടുത്തിയത്). ആയതിനു പകരം ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മുഴുവൻ പേരും അർഹരാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

2.വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. (ഗ്രാമപഞ്ചായത്തിലെ അസസ് മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ)

3.ഗുണഭോക്താക്കളുടെ റഫ് എസ്റ്റിമേറ്റിൽ തങ്ങൾക്ക് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

4.ഓവർസീയറുടെ വാല്വേഷൻ റിപ്പോർട്ടിലും ഗുണഭോക്താക്കൾ നിർവ്വഹിച്ച പ്രവൃത്തികളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 1.7.15ലെ തീരുമാനം 1 പ്രകാരം വാർഡ് തല ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥന് പ്രൊജക്റ്റ് നിർവ്വഹണത്തിനായി നൽകിയിട്ടുണ്ട്. ആയത് പരിശോധനാ വിധേയമാക്കാതെ ധനസഹായം അനുവദിച്ചതിലൂടെ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | പ്രൊജക്റ്റ് | കൈപ്പറ്റിയ തുക | ട്രഷറി ബിൽ നം. | കുറിപ്പുകൾ |
|---|---|---|---|---|
| സുധാകരൻ s/oവേലുക്കുട്ടി, തേർക്കിൽ | 94/16 | 15000രൂപ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. (a/c no.67243604259) | 12/23.3.16 | റേഷൻകാർഡ് നം.1842055452ൽ 2009-10ൽ വിധവാവീട് റിപ്പയർ അനുവദിച്ചതായി വി.ഇ.ഒ തെക്കുംകര രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. |
| വാസു.എം.പി, മണപ്പാടംമുറിയിൽ | 96/16 | 15000രൂപ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. (a/c no.67240203033) | 7/15.3.16 | റേഷൻകാർഡ് നം.1842049947ൽ 2009-10ൽ വീട് റിപ്പയർ അനുവദിച്ചതായി വി.ഇ.ഒ തെക്കുംകര രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. |
| ദേവകി, മണിക്കുന്നത്ത്, | 96/16 | 15000രൂപ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. (a/c no.67349593916) | 7/15.3.16 | റേഷൻകാർഡ് നം.1842055800ൽ 2009-10ൽ വീട് റിപ്പയർ അനുവദിച്ചതായി വി.ഇ.ഒ തെക്കുംകര രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. |

ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം ലഭിച്ച് 6 വർഷം പൂർത്തീകരിക്കുന്നതിനു മുമ്പേ മുകളിൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് വീണ്ടും അനുവദിച്ച തുക 45000/- തിരികെ ഈടാക്കേണ്ടതാണ്.

ഭരണസമിതി അംഗീകരിച്ച് നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കൾ അവശേഷിച്ചിട്ടും അവർക്ക് ആനുകൂല്യം നൽകാനുള്ള നടപടികൾ സ്വീകരിക്കാതെ ഒരിക്കൽ ധനസഹായം ലഭിച്ചവർക്ക് തന്നെ വീണ്ടും അനുവദിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 3-19 വട്ടായികാവാറി കിണർ-പത്താഴക്കുണ്ട് കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങിയത് .

വട്ടായികാവാറി കിണർ-പത്താഴക്കുണ്ട് കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ (പ്രൊജക്ട് നം.223/16)പ്രൊജക്ടിന്റെ ഭാഗമായി തെക്കുകര വില്ലേജിൽ സർവ്വേ നം.825/pയിൽ 5സെന്റ് സ്ഥലം ശ്രീ.ജോൺ,s/oചെറിയാൻ, കൊട്ടേക്കുടിയിൽ, കരുമത്ര എന്നവരിൽ നിന്നും 3,00,000/-രൂപയ്ക്ക് (ഡിഡി.നം.209142/21.1.16)വാങ്ങിയിട്ടുണ്ട്., എന്നാൽ വാങ്ങിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 ലോഗ്ബുക്ക് -അപാകതകൾ

തെക്കുംകര ഗ്രാമ പഞ്ചായത്തിലെ 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായി കാണപ്പെട്ടു. ഓരോ ദിവസം യാത്ര ചെയ്ത വിവരം ബന്ധപ്പെട്ട കോളങ്ങളിൽ എഴുതി ചേർക്കേണ്ടതാണ്. യാത്ര തുടങ്ങിയ സമയം, സ്ഥലം, ഓടിയ ദൂരം, യാത്ര ചെയ്ത ആളുടെ വിവരം എന്നിവ രേഖപ്പെടുത്തേണ്ടതും അതാത് ദിവസം യാത്ര കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ആയത് കൃത്യമായി രേഖപ്പെടുത്തേണ്ടതും, മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കി കസ്റ്റോഡിയൻ ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 3-21 കുടുംബശ്രീ-സി.ഡി.എസിനു കൈമാറിയ തുക യഥാസമയം വിനിയോഗിക്കുന്നില്ല

1)ആശ്രയ -പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

തെക്കുംകര ഗ്രാമപഞ്ചായത്ത് ആശ്രയ പദ്ധതിയ്ക്കായി പരിപാലിച്ചുവരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പുന്നംപറമ്പ് ശാഖയിലുള്ള 67057898363 എന്ന എസ്.ബി. അക്കൗണ്ടിലേക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിലായി കൈമാറിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ചെക്ക് നം/തി | തുക |
|---|---|
| 879953/9.1.14 | 641112 |
| 879952/9.1.14 | 108888 |
| 630229/9.4.14 | 400000 |
| 57709/20.2.15 | 1000000 |
| 57710/20.2.15 | 400000 |
| 210220/23.2.16 | 1000000 |
| 625002/3.3.16 | 400000` |
| | 3950000/- |

2014-15, 2015-16 സാമ്പത്തിക വർഷത്തിൽ ആശ്രയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിനായി 2800000/-രൂപ (14x200000/-) കൈമാറിയതിൽ 4 ഗുണഭോക്താക്കൾ മാത്രമാണ് നാളിതു വരെ ഭവനനിർമ്മാണം ആരംഭിച്ച് തുക കൈപ്പറ്റിയിട്ടുള്ളത്. (ആകെ- 570000/- )കൂടാതെ ഒരു ഗുണഭോക്താവിന് സ്ഥലം വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട് (1,50000/-). മേൽ പ്രകാരം ആകെ ചെലവ് 720000/-രൂപ ആണ്. പ്രൊജക്ടിൽ വകയിരുത്തിയതിൽ നിന്നും വ്യത്യസ്തമായി 250000/-രൂപയാണ് ഓരോ ഗുണഭോക്താവിനും അനുവദിക്കുന്നത്.

ആയതിൽ 23/8/16ൽ നീക്കിയിരിപ്പുള്ള ബാലൻസ് തുക 35,03,885/-രൂപയാണ്. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവഴിയ്ക്കേണ്ട തുക നിഷ്ക്രിയമായി കിടക്കുന്നത് ഒഴിവാക്കേണ്ടതും, ഗുണഭോക്താക്കളുടെ ആവശ്യകത അനുസരിച്ച് മാത്രം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ പദ്ധതിപണം പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന നടപടി ക്രമപ്രകാരമല്ല. ആയത് ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതുമാണ്.

2)കുടുംബശ്രീ സി.ഡി.എസിനു കൈമാറിയ തുക-നാളിതു വരെ ചെലവഴിച്ചിട്ടില്ല. (പ്ലാൻഫണ്ട് അക്കൗണ്ട്-67316210935)

| പദ്ധതി | ചെക്ക് നം/തിയതി | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജെന്റർ | 58276/6.3.15 | 50000/- | ----- | 50000/- |
| ബാലസഭ | 412495/6.3.15 | 50000/- | 17000/- | 33000/- |
| സബ്സിഡി& ട്രെയിനിംഗ് | 57708/6.3.15 | 4,50000/- | ----- | 4,50000/- |
| | | | ആകെ | 533000/- |

നാളിതുവരെ ചെലവഴിച്ചിട്ടില്ലാത്തതിനാൽ മേൽപ്പറഞ്ഞ തുക തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-22 കുടിവെള്ള പദ്ധതികൾ--ആസ്തിരജിസ്റ്ററിൽ ചേർക്കുന്നില്ല.

തെക്കുംകര ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി വർഷം തോറും നിരവധി പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കിവരുന്നുണ്ട്. കുഴൽകിണർ കുഴിക്കൽ, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, ടാങ്ക് നിർമ്മിക്കൽ മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകളും, ഇവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒറ്റ പ്രോജക്ടുകളും നടപ്പാക്കി വരുന്നുണ്ട്. 2015-16 വർഷത്തിൽ 3143996 രൂപ ചെലവഴിച്ച് 19 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ 5 പദ്ധതികൾ ഇനിയും പൂർത്തിയാവാനുണ്ട്. എന്നാൽ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കൂടാതെ നടപ്പാക്കിയ പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുമില്ല.

ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ (കൺവീനറുടെപേര്, കരാർ, കരാർ തിയ്യതി,)ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. മാത്രമല്ല ഓരോ കുടിവെള്ളപദ്ധതിയുടേയും പേര്, ഓരോന്നിനുമുള്ള ജലസ്രോതസ്സിന്റെ എണ്ണം, ഉറവിടം, ടാങ്ക്, പൈപ്പ് ലൈനിന്റെ നീളം, ഗുണഭോക്താക്കളുടെ എണ്ണം, സബ്മേഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നീ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 3-23 ഇ-ടെണ്ടർ-ടെണ്ടർഫോറം വില പഞ്ചായത്തിനു ലഭിച്ചിട്ടില്ല

തെക്കുംകര പഞ്ചായത്തിൽ 2015-16 വർഷത്തിൽ ഇ-ടെണ്ടർ പ്രകാരം 8 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില പഞ്ചായത്തിനു ലഭിച്ചിട്ടില്ല. ടെണ്ടർ ഫോറത്തിന്റ വില ഇ-പേയ്മെന്റ് മുഖേന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലാണ് അടവാക്കുന്നത്. ഈ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട 45,666 രൂപയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട്നം | പ്രൊജക്ടിന്റെ പേര് | ലഭിച്ച ടെണ്ടറുകൾ | ടെണ്ടർ ഫോം വില | അടവാക്കിയ തുക |
|---|---|---|---|---|---|
| 1 | എസ്.ഒ 162/16 | തെക്കുംകര കോളനി റോഡ് പാലം നിർമ്മാണം | 1 | 1109 | 1109 |
| 2 | 123/16 | പന്നിശ്ശേരി റോഡ് ടാറിങ്ങ് ആന്റ് സോളിങ്ങ് | 5 | 1137 | 5685 |
| 3 | 147/16 | കാക്കിനിക്കാട് ട്രൈബൽ കോളനി റോഡ് സൈഡ് കെട്ട് | 3 | 1372 | 4116 |

| | | | | | |
|---|---|---|---|---|---|
| 4 | 207/16 | പുന്നംപറമ്പ് കോളനി റോഡ് സൈഡ് കെട്ട് | 2 | 1890 | 3780 |
| 5 | 161/16 | മണലിത്തറ പഞ്ചായത്ത് ഗ്രൗണ്ട് പുനരുദ്ധാരണം | 2 | 1470 | 2940 |
| 6 | 178/16 | എറാകുളം സംരക്ഷണം | 2 | 2100 | 4200 |
| 7 | 121/16 | മലാകംപുതുശ്ശേരി പാറ റോഡ് റീടാറിങ്ങ് | 7 | 1882 | 13174 |
| 8 | 122/16 | കൊളത്താശ്ശേരി കുരിശ്ശുപള്ളി റോഡ് ടാറിങ്ങ് | 6 | 1777 | 10662 |
| ആകെ | | | | | 45,666 |

45,666 രൂപ പഞ്ചായത്തിനു തിരികെ ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 പെൻഷൻ അപേക്ഷകളിലെ തുടർ നടപടി-അപാകതകൾ

1.അപേക്ഷ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

പെൻഷനുകൾക്കുവേണ്ടി ലഭിക്കുന്ന അപേക്ഷകൾ ക്രമ നമ്പർ നൽകി അപേക്ഷ രജിസ്റ്ററുകളിൽ ചേർക്കുന്നുണ്ടെങ്കിലും, അപേക്ഷകളിൽ പരിശോധന നടത്തിയശേഷം വെരിഫിക്കേഷൻ ഓഫീസർ അപേക്ഷകൾ പഞ്ചായത്തിൽ തിരികെ നൽകുന്നതിന്റെ വിവരം(കോളം അഞ്ച്), അപേക്ഷകളിൽ വെൽഫയർ സ്റ്റാന്റിംങ്ങ് കമ്മിറ്റി എടുത്ത തീരുമാനം(കോളം ആറ്), പഞ്ചായത്ത് ഭരണസമിതി എടുത്ത തീരുമാനം (കോളം ഏഴ്) എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അതിനാൽ അപേക്ഷകളിൽ പരിശോധന റിപ്പോർട്ട് നൽകുന്നതിൽ വെരിഫിക്കേഷൻ ഓഫീസർ കാലതാമസം വരുത്തുന്നുണ്ടോ എന്നും മുൻഗണന ക്രമത്തിൽ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ടോ എന്നുമുള്ള കാര്യങ്ങൾ പരിശോധിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ട്.

2.പെൻഷൻ അപേക്ഷകളിലെ തുടർ നടപടികൾ രേഖപ്പെടുത്തിയിട്ടില്ല

2015-16 വർഷത്തെ പെൻഷൻ അപേക്ഷ രജിസ്റ്ററിൽ താഴെപറയുന്ന ക്രമ നമ്പർ നൽകി സ്വീകരിച്ച വാർദ്ധക്യകാല പെൻഷനുകൾക്കുവേണ്ടിയുള്ള അപേക്ഷകളിൽ യാതൊരു തുടർ നടപടിയും സ്വീകരിച്ചതായി അപേക്ഷ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നം 13, 25, 39, 47, 59, 63

മേൽ അപേക്ഷകളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. അപേക്ഷകൾ തരം തിരിച്ച് സൂക്ഷിച്ചിട്ടില്ല

വിവിധ ക്ഷേമ പെൻഷനുകൾക്കുവേണ്ടി ലഭിക്കുന്ന അപേക്ഷകൾ വെരിഫിക്കേഷൻ നടത്തി ഓരോ മാസവും ഒരുമിച്ച് സ്റ്റാന്റിംങ്ങ് കമ്മിറ്റിയിൽ അംഗീകാരത്തിന് സമർപ്പിക്കുകയും അംഗീകാരം വാങ്ങിയ ശേഷം അതേപടി ഇടകലർത്തി കെട്ടുകളായി സൂക്ഷിക്കുകയുമാണ് ചെയ്തുവരുന്നത്. അപേക്ഷ രജിസ്റ്ററിൽ സ്റ്റാന്റിംങ്ങ് കമ്മിറ്റി തീരുമാനം നമ്പർ രേഖപ്പെടുത്തിയതിനാൽ അപേക്ഷ രജിസ്റ്റർ പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധനക്കു വിധേയമാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ട്. ആയതിനാൽ സ്റ്റാന്റിംങ്ങ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയശേഷം അപേക്ഷകൾ തരം തിരിച്ച് അപേക്ഷ രജിസ്റ്ററിലെ ക്രമത്തിൽ അടുക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം

അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുന്നുണ്ട് എന്ന് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. അപേക്ഷകളിൽ പരിശോധന റിപ്പോർട്ട് നൽകേണ്ട ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുന്നതാണ് അപേക്ഷകൾ സമയത്തിന് തീർപ്പാക്കാൻ കഴിയാത്തതിന് പ്രധാന കാരണം എന്ന് ബന്ധപ്പെട്ട

ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ വിശദീകരണം നൽകുകയുണ്ടായി. ആയതിനാൽ ഈ വിഷയത്തിലേക്ക് ഭരണസമിതി പ്രത്യേകം ശ്രദ്ധിപതിപ്പിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | Accumulated OB | 28000 | | | 28000 |
| ബ്ലോക്ക് പഞ്ചായത്ത് | | 70000 | ട്രൈബൽ സ്കൂൾ അഭിവൃദ്ധിപ്പെടുത്തൽ | 0 | 70000 |
| ബാലൻസ് | | | | | 98000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | എസ്.ടി.കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ | 69-1/11 | 54000 | 0 | 54000 |
| കേരളാ വാട്ടർ അതോറിറ്റി | ചെല്ലി കുടിവെള്ള പദ്ധതി | 96-1/11 | 400000 | 0 | 400000 |
| കേരളാ വാട്ടർ അതോറിറ്റി | കരുമത്ര കോളനി കുടിവെള്ള പദ്ധതി | 110-3/11 | 500000 | 0 | 500000 |
| കേരളാ വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 87-8/11 | 32500 | 0 | 32500 |
| കേരളാ വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 97-8/11 | 567500 | 0 | 567500 |
| കേരളാ വാട്ടർ അതോറിറ്റി | കരുമത്ര കോളനി കുടിവെള്ള പദ്ധതി | 43-11/11 | 200000 | 0 | 200000 |
| കേരളാ വാട്ടർ അതോറിറ്റി | ഒടക്കുഴി കുടിവെള്ളപദ്ധതി | 104-2/12 | 252500 | 0 | 252500 |
| കേരളാ വാട്ടർ അതോറിറ്റി | വേങ്ങലക്കുണ്ട് കുടിവെള്ളപദ്ധതി | 105-2/12 | 150000 | 0 | 150000 |
| കേരളാ വാട്ടർ അതോറിറ്റി | വെടിപ്പാറ കോളനി കുടിവെള്ളപദ്ധതി | 48-3/12 | 100000 | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | വെടിപ്പാറ കോളനി കുടിവെള്ളപദ്ധതി | 123-3/12 | 200000 | 0 | 200000 |
| കേരളാ വാട്ടർ അതോറിറ്റി | കരുമത്ര കോളനി കുടിവെള്ള പദ്ധതി | 101-3/12 | 120000 | 0 | 120000 |
| കേരളാ വാട്ടർ അതോറിറ്റി | ഒടക്കുഴി കുടിവെള്ള പദ്ധതി | 196-3/12 | 425000 | 0 | 425000 |
| കേരളാ വാട്ടർ അതോറിറ്റി | വേങ്ങലക്കുണ്ട് കുടിവെള്ള പദ്ധതി | 197-3/12 | 500000 | 0 | 500000 |
| കേരളാ വാട്ടർ അതോറിറ്റി | ചെല്ലികുടിവെള്ള പദ്ധതി | 138- | 250000 | 0 | 250000 |
| ആകെ | | | | | 37,51,500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വായ്പ 2015-16 | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവനനിർമ്മാണം | സ.ഉ(എം.എസ്)83/13 11.03.13 | 11160000 | 6960000 | 895000 | 2400000 | 669531 | 5455000 |

- ഇ.എം. എസ്. ഭവന പദ്ധതി വായ്പായിനത്തിൽ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ 75,00,000 രൂപ അടവാക്കിയതിൽ ചെലവ് കഴിച്ച് ബാക്കി 3,65,000 രൂപ ബാങ്കിൽ നിന്നും ലഭിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു. ടി തുക തിരികെ ലഭിക്കാത്തതിനാൽ ടി തുക 3,65,000 രൂപ ആയി വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന<br>സ്ഥിരനിക്ഷേപത്തിന്റെ വിവരം<br>രസീതി നമ്പർ 082/5.7.2001<br>ഓഹരികളുടെ എണ്ണം -5000രൂപയുടെ 2എണ്ണം | നിക്ഷേപത്തിന്റെ വിവരം<br>വിരുപ്പാക്ക സ്പിന്നിംഗ് മില്ലിൽ ഓഹരി<br>തുക-10000രൂപ |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേര് | രസീതി നമ്പർ / |
|---|---|---|---|---|
| 2012-13 | | 12000 | ബൈജു.കെ.ജെ<br>കിഴക്കേടത്ത് ഹൗസ് | 11502100448/18.5.15 |
| 2012-13 | 2-3 | 250 | കെ.ജി.ഹരിദാസ്<br>ക്ലാർക്ക് | 11502101119/17.8.15 |
| 2012-13 | 2-3 | 250 | ലളിത .എ.കെ<br>സീനിയർ ക്ലാർക്ക്<br>തെക്കുംകര ഗ്രാമപഞ്ചായത്ത് | 11502102127/16.12.15 |
| ആകെ | | 12500 | | |

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 45056519 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62666298.6 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5177 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 95275 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2168845 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1283 | | ഷൈബ ഗോപാൽ , സെക്രട്ടറി |
| 2-7 | 3894 | | ഷൈബ ഗോപാൽ , |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 3-9 | | 3975 | എം.എൻ. ബിന്ദു.<br>പ്രധാനാദ്ധ്യാപിക |
| 3-13 | | 6300 | ഷൈബ ഗോപാൽ ,<br>സെക്രട്ടറി |
| 3-15 | | 40000 | ജി.രാജേഷ്<br>അസി.സെക്രട്ടറി |
| 3-18 | | 45000 | ഷീജ .എം.എസ്. ,വി.ഇ.ഒ<br>തെക്കുംകര സർക്കിൾ |
| | 5177 | 95275 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2927 | ഡോ.ഫ്രാങ്കോ ജെയിംസ്, മെഡിക്കൽ ഓഫീസർ<br>ആയുർവേദം |
| 3-6 | 28000 | ഡോ.സുനിൽകുമാർ.കെ.ആർ<br>മെഡിക്കൽ ഓഫീസർ .പി.എച്ച്.സി |
| 3-7 | 175000 | എം.എൻ.ബിന്ദു.ഹെഡ്മിസ്ട്രസ്സ് |
| 3-8 | 292043 | എം.എൻ.ബിന്ദു.ഹെഡ്മിസ്ട്രസ്സ് |
| 3-9 | 35775 | എം.എൻ.ബിന്ദു.ഹെഡ്മിസ്ട്രസ്സ് |
| 3-10 | 240000 | എം.എൻ.ബിന്ദു.ഹെഡ്മിസ്ട്രസ്സ് |
| 3-12 | 2600 | ഷൈബ ഗോപാൽ, സെക്രട്ടറി |

| | | |
|---|---|---|
| 3-17 | 1392500 | 112500-ഷൈബ ഗോപാൽ, സെക്രട്ടറി |
| | | 700000 ജി.രാജേഷ്.അസി.സെക്രട്ടറി |
| | | 580000-ഷീജ.എം.എസ്.വി.ഇ.ഒ |
| | 2166245 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-2
ലൈബ്രറി സെസ് ഇനത്തിൽ 65/-രൂപ സംസ്ഥാന ലൈബ്രറി കൗൺസിലിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷൈബ ഗോപാൽ, സെക്രട്ടറി | സെക്രട്ടറി, ചേലക്കര ഗ്രാമപഞ്ചായത്ത് | മാവേലിൽ വീട്, കുറ്റൂർ<br>തൃശ്ശൂർ |
| എം.എൻ. ബിന്ദു.<br>പ്രധാനാദ്ധ്യാപിക | പ്രധാനാദ്ധ്യാപിക, ജി.ടി.എൽ.പി.എസ് കാക്കിനിക്കാട് | നിർമാല്യം<br>ചാത്തപറമ്പിൽ വീട്<br>വെട്ടിക്കാട്ടിരി.പി.ഒ<br>ചെറുതുരുത്തി |
| ജി.രാജേഷ് അസി.സെക്രട്ടറി | അസി.സെക്രട്ടറി, തെക്കുംകര ഗ്രാ.പ | ഗീതാഞ്ജലി മണ്ണുത്തി, തൃശ്ശൂർ |
| ഷീജ. എം.എസ്. വി.ഇ.ഒ<br>തെക്കുംകര സർക്കിൾ | വി.ഇ.ഒ<br>തെക്കുംകര ഗ്രാ.പ | ആറ്റശ്ശേരി വീട്, ആർ.വി.പുരം.നെല്ലിക്കൽ, തൃശ്ശൂർ |
| ദ്രശ്യാ.ടി. മനോഹർ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തെക്കുംകര ഗ്രാമപഞ്ചായത്ത് | ഉഷസ്സ്, ഹൗസ് നമ്പർ 41<br>കോ-ഓപ്പറേറ്റീവ് റോഡ്,ചെമ്പുക്കാവ് |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | |
| 1968-69,70-71,<br>71-72,73-74,<br>74-75, 76-77,<br>77-78, 81-82,<br>91-92,92-93,<br>93-94, 94-95.,<br>95-96,96-97 | എൽ. എഫ്. ടി .(എസ്-2) -740/11 , 19.07.11/ 21.10.11 | | |
| 97-98(വരവ്) | എൽ എഫ് .ടി.17-1415/01/ 4-6-2002 | | |
| 97-98(ചെലവ്) | എൽ എഫ് ടി 17-1156/98, 06-03-99 | | |
| 98-99 | എൽ.എഫ്.ടി.17-1416/01 /12-6-12 | | |
| 99-2000 | എൽ എഫ് ടി 17/1414 /01, 08.07.02 | | |
| 2000-01 | എൽ.എഫ്.ടി17-1592 / 01, 03.08.02 | | |
| 2001-2002 | | | |
| 2002-03,03-04,<br>04-05, 05-06,<br>06-07, 07-08 | എൽ എഫ് ടി പി.1-246/12 /29.3.12 | | |
| 08-09 | | | |
| 09-10 | എൽ എഫ് ടി(പി1)-106/12 /13-8-12 | | |

| | | |
|---|---|---|
| 2010-11 | എൽ എഫ് ടി (പി 1)/101/12 , 13-8-12 | |
| 2011-12 | എൽ എഫ് ടി പി 5-1984/ 13, 13-3-14 | |
| 2012-13 | എൽ എഫ് ടി പി 5 1373/14, 4/12/2014/ 12.03.2015 | |
| 2013-14 | കെ.എസ്.എ-ടി.എസ്.ആർ (പി 5) 1145/15/26.10.15/07.11.15 | |
| 2014-15 | കെ.എസ്.എ-ടി.എസ്.ആർ (പി 5 )1121/16/13.07.16/25.07.16 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം.1

No.KSA-TSR(P5)1732/16

Office of the Joint Director of
Kerala State Audit Department,
District Audit Office, Thrissur
PIN 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of THEKKUMKARA GRAMMA PANCHAYATH in Trissur District for the year ended on 31.03.2016 in accoradance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayathiraj Act 1994, the rules made there under and the guidelines issued by the Controller And Auditor General of India for the purpose of certification of accounts of Muncipalities.

In my opinion, the Financial Statements of THEKKUMKARA GRAMMAPANCHAYATH for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director
KERALA STATE AUDIT DEPARTMENT
TRISSUR

# അനുബന്ധം.2

കെ. എസ്.എ-ടി.എസ്,ആർ (പി5)1732/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
ഇ-മെയിൽ-dotsr.ksad@kerala.gov.in
ഫോൺ- 0487 2331249
തിയ്യതി 24-10-16

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ്,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പ്,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡ് അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെക്കുംകര ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ